പുസ്തകം ൧൩. ലക്കം ൯.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

September 1918.

# സംഗതി വിവരം.


1. പരിശുദ്ധ കന്യകമറിയത്തിന്റെ പിറവി.
2. നമ്മുടെ മൂന്നു ശത്രുക്കൾ.
3. പത്തുപ്രമാണങ്ങൾ.
4. വി. ബർത്തലൂമെയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം.
5. ഭക്തജീവിതപ്രവേശനം.
6. പുതിയ ബന്ധവിമോചനങ്ങൾ.
7. കുടുംബപ്രതിഷ്ഠ. (പദ്യം)
8. തിരുഹൃദയഭക്തന്മാർ ൧൧൦൩ കന്നിമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.
9. ലോകവർത്തമാനച്ചുരുക്കം.


# നോട്ടീസ്

## ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പെടെ ൧. രൂപാ ൪.

ഇതിനൊന്നുക്കൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്തം മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഒരു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്ക് ആറാമതെത്ത ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മലകുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയോ, അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യേണം. പണമടയ്ക്കാതെ മാസികയ്ക്കു ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മെല കുസുമം

പുസ്തകം ൧൩)   ൧൯൧൮ സെപ്റ്റംബർ.   (ലക്കം ൯.

# പരിശുദ്ധ കന്യക മറിയത്തിന്റെ പിറവി.

(നി. വ. ദിവ്യശ്രീ കുഴ്വാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സു കൊണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഇടയലേഖനം.)

"ദൈവജനനിയായ കന്യകേ! നീ സൎവ്വ ലോകത്തിനും സന്തോഷം അറിയിച്ചു."

നമ്മുടെ അമ്മയായ തിരുസഭ, പാപികളായ തന്റെ മക്കൾ, പാപികളുടെ സങ്കേതമായ ദൈവമാതാവിന്റെ മദ്ധ്യസ്ഥതമൂലം നിത്യരക്ഷ പ്രാപിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഈ അമ്മയുടെ ബഹുമാനാൎത്ഥം മാസത്തിൽ ഒന്നും, ചിലപ്പോൾ രണ്ടും തിരുനാളുകളെ ഏൎപ്പെടുത്തി വിശ്വാസികൾ ഇവയെ ഭക്തിപൂൎവ്വം കൊണ്ടാടുവാൻ ആഗ്രഹിക്കുന്നു. തിരുസഭയുടെ ഈ ആഗ്രഹം അനുസരിച്ചു്, നാം, ദൈവമാതാവിന്റെ പ്രധാന തിരുനാളുകൾക്കു മുൻപായി ഇതിലേക്കു നിങ്ങളെ ഉത്സാഹിപ്പിക്കുന്നതിനുവേണ്ടി ഉപദേശരൂപേണ നിങ്ങൾക്കു ഓരോ ചെറിയ ലേഖനം അയച്ചുവരുന്നു. എന്നാൽ ഇപ്പോൾ അടുത്തുവരുന്ന തിരുനാൾ ദൈവജനനിയുടെ പിറവിത്തിരുനാളാകുന്നു. ഈ തിരുനാളിനൊരുക്കമായി തിരുസഭ പൂൎവ്വകാലം മുതൽ എട്ടു ദിവസത്തെ നോമ്പു നിശ്ചയിച്ചിരിക്കുന്നതിൽനിന്നു്, ഇതിന്റെ പ്രാധാന്യം അനുമാനിക്കാവുന്നതാണു്.

ഏററം ആശ്ചൎയ്യവിഷയമായ മാതാവും കന്യകയുമായ മറിയത്തിന്റെ പിറന്നാൾ, ലോകചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏററം പ്രാധാന്യമേറിയ നാളുകളിൽ ഒന്നാകുന്നു. എന്തെന്നാൽ ഈ നാഥയത്രേ, നശിച്ച ലോകത്തേ നവീകരിച്ചു് ഇതിന്റെ ശാപത്തെ അനുഗ്രഹമായും, ഇതിന്റെ അപകീൎത്തിയെ ബഹുമാനമായും രൂപാന്തരപ്പെടുത്തിയതു്. അതേ, ഈ നായികയത്രേ, പാപം കാരണത്താൽ ശിക്ഷാൎഹന്മാരായശേഷം, അനുതാപപ്പെട്ട നമ്മുടെ ആദ്യമാതാപിതാക്കൾക്കും, അവരുടെ സന്താനങ്ങൾക്കും രക്ഷയുടെ ഏകശരണമായി വാഗ്ദാനം ചെയ്യപ്പെട്ടവൾ. ഈ കന്യകയത്രേ, നാലായിരത്തിൽ പരം സംവത്സരങ്ങളായി സൎവ്വജാതി ജനങ്ങളും അത്യാശയോടെ പാൎത്തിരുന്ന രക്ഷിതാവിനെ ലോകത്തിനു് പ്രദാനം ചെയ്യുവൾ. ഇപ്രകാരമുള്ള അത്ഭുത കന്യകയും, മാതാവുമായ മറിയത്തിന്റെ പിറവിത്തിരുനാളിനെ നിങ്ങൾ ഭക്തിപൂൎവ്വം ആഘോഷിപ്പാൻ വരുവിൻ, എന്ന വാക്കുകളാൽ തിരുസഭ നമ്മെ ഇതിലേക്കു ക്ഷണിക്കുന്നു.

എന്തെന്നാൽ മറിയത്തിന്റെ പിറവിമൂലം സൎവ്വലോകത്തിനും സന്തോഷമുണ്ടായി. സ്വൎഗ്ഗവാസികൾ തങ്ങളുടെ രാജ്ഞി ലോകത്തിൽ പ്രത്യക്ഷയായതിനാൽ അത്യന്തം സന്തോഷിക്കുന്നു. പാതാള

ത്തിൽ ഇരുന്ന നീതിമാന്മാർ തങ്ങളെ അവിടെനിന്നു് സ്വന്തപുത്രൻ വഴിയായി, മോചനം ചെയ്യുവാനിരിക്കുന്നവൾ പിറന്നു എന്നറിഞ്ഞു് ആനന്ദിക്കുന്നു. മനുഷ്യജാതി, തങ്ങളുടെ മാതാവും, രക്ഷകയും ആയവൾ തങ്ങളുടെ മദ്ധ്യേ ജാതയായതിൽ ആഹ്ലാദിക്കുന്നു. ഇങ്ങനെ മറിയമേ, അങ്ങേ പിറവി സൎവ്വലോകത്തിനും സന്തോഷകാരണമായി ഭവിച്ചു.

ആകയാൽ തിരുസഭയുടെ ഈ ഉദ്ദേശ്യത്തോടും ആഗ്രഹത്തോടും നാം യോജിച്ചുകൊണ്ടു്, ദൈവജനനിയുടെ പിറവിത്തിരുനാൾ യോഗ്യതാപൂൎവ്വം കൊണ്ടാടുന്നതിനും, അവിടുത്തേക്കിഷ്ടമായപ്രകാരം നമ്മുടെ സന്തോഷത്തെ പ്രദൎശിപ്പിക്കുന്നതിനും വേണ്ടി നാം ചെയ്യേണ്ടതെന്തെന്നാൽ:

(൧) ദൈവമാതാവിനെ നമ്മുടെ അമ്മയും നാഥയും രാജ്ഞിയുമായി സ്വീകരിച്ചുകൊണ്ടു് ഇവരുടെ വിശ്വസ്ത ദാസരും, പ്രിയപ്പെട്ട മക്കളും ആയവരുടെ കൂട്ടത്തിൽ നാമും എണ്ണപ്പെടുവാൻ ആഗ്രഹിക്ക.

(൨) സൎവ്വമാലാഖാമാരും, പരിശുദ്ധന്മാരും ദൈവത്തിൽനിന്നു് കൈക്കൊണ്ടിട്ടുള്ള എല്ലാ വരപ്രസാദങ്ങൾക്കും വരങ്ങൾക്കും ഉപരിയായി, സ്വഭാവക്രമത്തിലും ആദ്ധ്യാത്മികക്രമത്തിലും അധികമായ വരപ്രസാദങ്ങളെ മറിയം പിറന്ന ക്ഷണത്തിൽ തന്നെ കൈക്കൊള്ളുവാൻ പാത്രീഭവിച്ചതിനാൽ ഈ നാഥയെ അഭിനന്ദിച്ചുകൊണ്ടു് നാം വണങ്ങി സ്തുതിക്കുക.

(൩) മറിയത്തിന്റെ നേരെയുള്ള ഭക്തിബഹുമാനങ്ങളെ നാം എങ്ങും പ്രചരിപ്പിച്ചുകൊള്ളാമെന്നും, അവരുടെ പുണ്യങ്ങളെ, പ്രത്യേകം എളിമ, പരിശുദ്ധത ആദിയായ പുണ്യങ്ങളെ, കണ്ടുപഠിച്ചുകൊണ്ടു് ഈ അമ്മയ്ക്കു ചേൎന്ന മക്കളാകുവാൻ ശ്രമിച്ചുകൊള്ളാമെന്നും നാം ഇന്നു് ഈ നായികയുടെ മുമ്പാകെ പ്രതിജ്ഞ ചെയ്യുക. കൂടാതെയും തിരുസഭയുടെ ആഗ്രഹമനുസരിച്ചു് ദൈവജനനിയുടെ പിറവിത്തിരുനാളിനുമുമ്പുള്ള 'എട്ടുനോമ്പു്' ഭക്തിപൂൎവ്വം ആചരിക്കയും, പ്രസ്തുത തിരുനാൾ ദിവസത്തിൽ എല്ലാവരും നല്ല പാപസങ്കീൎത്തനം കഴിച്ചു് വിശുദ്ധ കുമ്പാന ഉൾക്കൊള്ളുകയും ചെയ്യണമെന്നു് നാം അത്യന്തം ആഗ്രഹിക്കുന്നു.

അവസാനമായി, ഒരു ദയയുള്ള മാതാവും ഒരു നല്ല രാജ്ഞിയും തന്റെ പിറന്നാൾ ദിവസത്തിൽ തന്റെ വാത്സല്യമക്കൾക്കും പ്രജകൾക്കും വിശേഷാനുഗ്രഹങ്ങളും ദാനങ്ങളും കൊടുക്കുമാറാകുന്നു. ഇപ്രകാരം ദൈവമാതാവു് തന്റെ പിറന്നാൾദിവസത്തിൽ മക്കളും പ്രജകളും ആയ നമുക്കു് വിശേഷസഹായങ്ങളും, അനുഗ്രഹങ്ങളും തന്റെ ദിവ്യപുത്രനിൽനിന്നു് ലഭിച്ചുതരുമെന്നു് ദൃഢമായി വിശ്വസിച്ചുകൊണ്ടു് അവിടുത്തെ തൃപ്പാദത്തിങ്കൽ നിങ്ങൾ അടുത്തുചെന്നു് നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും നമ്മുടെ ജനത്തിനും തിരുസഭയ്ക്കും ലോകത്തിൽ വസിക്കുന്ന നൂറു കോടിയിൽ പരം ജനങ്ങൾക്കും പ്രത്യേകം ഇനിയും അജ്ഞാനത്തിന്റെയും പാഷാണ്ഡതയുടേയും അബദ്ധത്തിലും അന്ധകാരത്തിലും ഇരിക്കുന്ന നിൎഭാഗ്യജനങ്ങൾക്കുംവേണ്ടി നന്മനിറഞ്ഞ കന്യാസ്ത്രീമറിയത്തോടു് സത്യവിശ്വാസത്തിന്റെയും അനുസരണയുടേയും വരപ്രസാദ ദാനങ്ങളെ പ്രാൎത്ഥിപ്പിൻ. വിശേഷിച്ചും, നാം പലപ്പോഴും നിങ്ങളെ ഓൎപ്പിച്ചിട്ടുള്ളപ്രകാരം ലോകത്തിനും തിരുസഭയ്ക്കും അത്ഭുതപൂൎവ്വമായവിധത്തിൽ ഭയങ്കരമായും നാശകരമായും നടന്നുവരുന്ന യുദ്ധം, സൎവ്വലോകത്തിനും സന്തോഷകാരണമായി പിറന്ന, ദൈവജനനിയുടെ പിറവിമൂലം വേഗത്തിൽ പൎയ്യവസാനിച്ചു്, ഈ മാതാവിന്റെ പിറവി സൎവ്വലോകത്തിനും യഥാൎത്ഥത്തിൽ സന്തോഷവും സമാധാനവുമായി ഭവിപ്പാൻ, ശക്തിയേറിയ ഈ അമ്മയുടെ മാദ്ധ്യസ്ഥാപേക്ഷ മൂലം സമാധാനത്തിന്റെ രാജാവായ ഈ നാഥയുടെ പുത്രനോടു് നിങ്ങളെല്ലാവരും ഉത്സാഹപൂൎവ്വം പ്രാൎത്ഥിക്കണമെന്നു് ഒന്നുകൂടി നിങ്ങളെ ഓൎപ്പിച്ചുകൊണ്ടു് നമ്മുടെ ഈ ഉപദേശത്തെ അവസാനിപ്പിക്കുന്നു.

## നമ്മുടെ മൂന്നു ശത്രുക്കൾ.

(D. J.)

(III.)

### ശരീരം.

ദൃശ്യമായ ഈ ലോകത്തിനപ്പുറമുള്ള കാര്യങ്ങളെപ്പററി ചിന്തിക്കുന്നതിലുള്ള മനുഷ്യന്റെ പ്രയാസം സാക്ഷാൽ വളരെയാണ്. അവൻ ഒരു ഉത്തരവാദിത്വമുള്ള സൃഷ്ടിയെന്നും തന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതും, ചെയ്തുതീർപ്പാൻ നിബന്ധിക്കുന്നതുമായ അനേക കടമകൾ തനിക്കുണ്ടെന്നും അവനു ബോധമുണ്ട്. എന്നാൽ തന്റെ വിചാരങ്ങളും, വചനങ്ങളും, പ്രവൃത്തികളും, അവയിൽനിന്നുളവാകുന്ന നിത്യഫലങ്ങളും അവൻ നന്നായി ഗൌനിച്ചുകാണുന്നില്ല. ശവക്കുഴിക്കപ്പുറം ഒരു ജീവിതമുണ്ടെന്നും അതു് ഭാഗ്യകരമോ ദുർഭാഗ്യകരമോ ആയിത്തീരുക തന്റെ പ്രവൃത്തികളെ അനുസരിച്ചിരിക്കുമെന്നും അവൻ ധാരാളം സമ്മതിക്കും. പക്ഷെ, അവന്റെ ജീവിതം ഇപ്രകാരമുള്ള സച്ചിന്തകളാൽ നയിക്കപ്പെടാതിരിക്കുന്നതായിട്ടാണ് പലപ്പോഴും കാണപ്പെടുന്നതു്. വാസ്തവം പറയുന്നതായാൽ ഓരോരുത്തരും ഇഹലോകത്തിൽ വച്ചുതന്നെ "കരങ്ങളാൽ നിർമ്മിക്കപ്പെടാത്തതായ ഒരു നിത്യവാസസ്ഥലത്തിനു" അടിസ്ഥാനമിടുകയാണല്ലോ ചെയ്യുന്നതു്. ഏററവും ഗുരുതരമായ ഈ സംഗതിയിൽ നാം തെററിദ്ധാരണയുള്ളവരായിരുന്നുകൂടാ. അതു അത്ര കണ്ടു് നിശ്ചയമുള്ളതും താമസിയാതെ തന്നെ നമുക്കോരോരുത്തക്കും അനുഭവസിദ്ധവുമാകുന്നതാണ്. ഭൂമിയിൽ, നമ്മുടെ ജീവിതം മോക്ഷത്തിൽനിന്നുള്ള പ്രകാശത്തിന്റെയും, നരകത്തിൽനിന്നുള്ള അന്ധകാരത്തിന്റെയും സമ്പക്കത്താലുളവാകുന്ന ഒരു മങ്ങിയ വെളിച്ചത്തിലത്രേ. മരണാനന്തരം അതു ഒന്നുകിൽ മദ്ധ്യാഹ്നസൂര്യപ്രകാശമായ നിത്യസന്തോഷത്തിലോ, അല്ലെങ്കിൽ കൂരിരുട്ടായ നിത്യനരകനിർഭാഗ്യത്തിലോ ആയിരിക്കും. ഇവയിൽ ഏതാണ് നമുക്കു സംഭവിപ്പാനിരിക്കുക? വിസ്താരമേറിയ നരകപാതയിൽക്കൂടി നാം നടക്കയാണെങ്കിൽ വളരെ കുഴപ്പത്തിലാണ് നമ്മുടെ കാര്യം. ഈ വഴിയിൽക്കൂടി സഞ്ചരിക്കുന്നതു് ദുർഘടവും കിഴക്കാംതൂക്കുമായ മാർഗ്ഗത്തിൽക്കൂടി പ്രയാണം ചെയ്യുന്ന ഒരു യാത്രക്കാരനു സമമാണ്. തെററായ ഒരു കാലടി, ഒരു വഴുതൽ, സ്വല്പനേരത്തേക്കുള്ള സ്വയംഭരണമില്ലായ്മ– ഇവ നമ്മെ നാശകൂപത്തിൽ തള്ളിയിടും. ഇതു സംഭാവ്യമെന്നു മാത്രമല്ലാ, സംഭവിച്ചിട്ടുണ്ടു്. സംഭവിക്കുന്നുണ്ടു്; സംഭവിക്കയും ചെയ്യും.

ഭാഗ്യവശാൽ നമ്മുടെ രക്ഷയെ കുഴക്കിലാക്കുന്നതിനായി പാപമെന്ന ശത്രുവിനല്ലാതെ ലോകത്തിലും നരകത്തിലുമുള്ള മറെറാന്നിനും സാധിക്കുകയില്ല. പുണ്യസാംഗോപാംഗത്തിന്റെ ഉന്നതപദവിയിൽ എത്താറായിരിക്കുന്നവനെയും മോക്ഷവാതുക്കൽനിന്നും പിടിച്ചു് തലയും കുത്തി നരകത്തിൽ തള്ളുന്നതിന് പാപത്തിനുമാത്രമെ കഴികയുള്ളു. പാപഹേതുക്കൾ മൂന്നാകുന്നു. ഇവയിൽ ഓരോന്നിനേയും നാം ഭയപ്പെടണമെങ്കിലും നമ്മുടെ ശ്രദ്ധയെ സവിശേഷം ക്ഷണിക്കുന്ന ഒരു പാപഹേതുവുണ്ടു്. പാപങ്ങളുടെ കറുത്ത പട്ടികയെ നാം പരിശോധിച്ചാൽ അതിൽ ഏററവും കറുത്തതായ പാപം ഇതിൽനിന്നുമാണുത്ഭവിക്കുന്നതെന്നു കാണും. ഇതാണു പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള ഭേദംകൂടാതെ നരകത്തെ നിറയ്ക്കുന്ന അതിഭയങ്കര ശത്രുവായ നമ്മുടെ ശരീരം. ഇതിന്റെ ആശാപാശങ്ങളെ സ്തുതിച്ചുകൊണ്ടോ ഇളക്കിവിട്ടുകൊണ്ടോ അല്ലാതെ ലോകത്തിനും പിശാചിനും നമ്മെ നശിപ്പിക്കാൻ ശ്രമിച്ചുകൂടാ.

നമ്മുടെ സകല പ്രവൃത്തികളുടേയും ഒരു പങ്കാളിയാണു ശരീരം. നല്ല പ്രവൃത്തികൾക്കായി നാം അതിനെ ഉപയോഗിക്കുമെങ്കിൽ മോക്ഷത്തിലും അല്ലെങ്കിൽ നരകത്തിലും അതിന് ഒരു സ്ഥലം ലഭിക്കുകയും ചെയ്യും. നമ്മുടെ ശരീരം എല്ലാ നന്മപ്രവൃത്തികളുടേയും ഒരു കരു ആകുന്നതുപോലെതന്നെ സകല പരീക്ഷകളുടേയും പരാജയങ്ങളുടേയും ഒരു സർവ്വകലാശാലകൂടിയാണ്. എന്നാൽ നമ്മുടെ ശത്രുവായ ശരീരമെന്താണ്? ജ

ഡമോഹത്തിനും നയനാഭിലിപ്സക്കും ജീവിതഡംഭത്തിനും ആത്മാവിൽനിന്നോ, ശരീരത്തിൽനിന്നോ ഹൃദയത്തിൽ നിന്നോ ഇന്ദ്രിയങ്ങളിൽ നിന്നോ ഉണ്ടാകുന്ന നീചമായ ചാച്ചിലിനും അന്യായമായ ആഗ്രഹത്തിനുമുള്ള ഒരു പൊതുപ്പേരല്ലാതെ മററൊന്നുമല്ല. ഇവയാലാണു നാം ഓരോരുത്തരും കഠിനമായി പരീക്ഷിക്കപ്പെടുന്നതു്. ആദിമാതാപിതാക്കന്മാരെ തട്ടിച്ചു്, ഒരു പരിതാപകരസ്ഥിതിയിൽ മനുഷ്യഗണത്തെ ആക്കിത്തീർത്തതും ഇവതന്നെ. ആദത്തിൻെറ പാപത്തിനു മുമ്പു് നമ്മുടെ ശരീരം ആത്മാവിനു കീഴ്പ്പെട്ടിരുന്നു. ആ സ്ഥിതിയിൽ മനുഷ്യനു ദ്വേഷ്യമാകട്ടെ, അസൂയയാവട്ടെ, മാംസമോഹങ്ങളാവട്ടെ ഉണ്ടായിരുന്നില്ല. എന്നാൽ ഉൽകൃഷ്ടാംശം പാപത്താൽ ദൈവത്തോടു മത്സരിച്ച ആ ക്ഷണം നികൃഷ്ടാംശം ഉൽകൃഷ്ടാംശത്തോടു മത്സരിച്ചു. ഇതാണു നമ്മുടെ മനസ്സിനും സമ്മതിക്കും വിപരീതമായതുകളെ നാം ആഗ്രഹിക്കയും ചെയ്യുകയും ചെയ്യുന്നതിനുള്ള കാരണം. "ഞാൻ മനസ്സാകുന്ന നന്മയെ ഞാൻ ചെയ്യുന്നില്ല; ഞാൻ മനസ്സാകാത്ത തിന്മയെ ഞാൻ ചെയ്യുന്നു". വി. അഗുസ്തീനോസ് പഠിപ്പിക്കുന്നതുപോലെ മനുഷ്യൻ ദൈവത്തെ അനുസരിക്കാതിരുന്നതിനാൽ, മനുഷ്യനെ ശരീരവും അനുസരിക്കാതെ സദാ പടവെട്ടിക്കൊണ്ടിരിക്കണമെന്നുള്ള ഈ ശിക്ഷ എത്രയൊ ന്യായപൂർവ്വകമാണു്. ഇതല്ലാതെ വേറൊരു കാരണവും തത്വശാസ്ത്രികൾ ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. ഇനി കണ്ടുപിടിക്കയുമില്ല. മേല്പറഞ്ഞ മൂന്നുമാതിരി മാംസപരീക്ഷകളാലുമാണു പിശാചു് നമ്മുടെ കർത്താവീശോമ്ശിഹായെ വനത്തിൽവച്ചു തട്ടിപ്പാൻ ഒരുമ്പെട്ടതു്. ഇവയാൽതന്നെയാണു് ലോകത്തിൽ അനേകായിരം ആത്മാക്കൾ പരീക്ഷിക്കപ്പെട്ടു നരകപാതാളത്തിൽ വീഴുന്നതും.

ഈ മൂന്നുവക മോഹങ്ങളുമാണു നരകത്തിലേക്കു മനുഷ്യനെ നയിക്കുന്ന മൂന്നു വഴികൾ— അഥവാ നരകത്തിൽ പ്രവേശിപ്പാനുള്ള മൂന്നു വാതിലുകൾ— ഓ! എത്രയോ വിസ്താരമേറിയ വഴി— വലിയ വാതിലുകൾ!

നരകത്തിൻെറ ഒന്നാംവാതിലായ മാംസേച്ഛ

യെതന്നെ ആദ്യമായി നമുക്കു ആലോചനാവിഷയമാക്കാം. ഇന്ദ്രിയമോഹസാധ്യത്തിനായുള്ള ആഗ്രഹമാണിതു്. ഇതില്ലാത്തവരായി ആരുംതന്നെയില്ല. നാം എവിടെ ആയിരുന്നാലും ഏതു ജോലിയിൽ ഏർപ്പെട്ടിരുന്നാലും ഈ പരീക്ഷയുണ്ടായിരിക്കും. ലോകബഹളത്തിൽ വസിക്കുന്നവർക്കും, ആശ്രമങ്ങളിൽ സന്യസിക്കുന്നവർക്കും മാംസപരീക്ഷയുണ്ടു്. പരിശുദ്ധാരൂപി നമ്മേ അനുസ്മരിപ്പിക്കുന്നതുപോലെ ഇഹലോകജീവിതം ഒരു സമരമാണു്. അതു് നമ്മോടു തന്നെയുമാണു്. എന്നാൽ ബുദ്ധിയും മനസ്സും സ്വാതന്ത്ര്യവും ഉള്ള ഏവനും ജഡമോഹത്തെ കീഴടക്കി ഭരിക്കാം. ഇതിനു ചായുന്നവരാരോ അവർ ഇതിൻെറ നീചദാസരും ക്രൂര ഭരണത്തിൻ ഇരയുമായിത്തീരും. എതിർത്താലും അതു നമ്മെ ഇളക്കി, പീഡിപ്പിക്കയും ചെയ്യും. ഈ കാരണത്താലാണു് വി. സ്ലീഹാ "നിർഭാഗ്യപ്പെട്ട ഞാൻ! എന്നെ ആർ മരണത്തിൻെറ ഈ ശരീരത്തിൽനിന്നും സ്വതന്ത്രനാക്കും" എന്നു് നിലവിളിക്കുന്നതു്. ആദത്തിൻെറ പാപംമൂലം മനുഷ്യനു സ്വഭാവാതീതമായ ദാനങ്ങൾ നഷ്ടപ്പെടുകയും സ്വാഭാവികമായവ മുറിപ്പെടുകയും ചെയ്കതിനാൽ മനുഷ്യർ ദൈവത്തേക്കാൾ തന്നെത്തന്നെ സ്നേഹിക്കുകയും സ്വർഗ്ഗീയസംഗതികളെ നിസ്സാരമാക്കി ലൌകികമായതുകളെ ആസക്തിയോടെ തേടുകയും സ്വന്ത അഭീഷ്ടങ്ങളേയും സന്തോഷങ്ങളേയും സാധിക്കാനായി സുബോധത്തിനോ ദൈവകല്പനക്കോ വിപരീതമെന്നു നോക്കാതെ കണ്ണടച്ചു പ്രവൃത്തിക്കയും ചെയ്യുന്നു. മാത്രമല്ല ഇന്ദ്രിയസന്തോഷങ്ങൾ, അതുകളുടെ ന്യായമായ അതിർത്തിയെ ലംഘിച്ചു് അന്യായമായവയിലേക്കു ഒരുത്തനെ വേഗം ചാടിക്കുന്നു; എത്രത്തോളം നികൃഷ്ടമോ എത്രത്തോളം അതിയായിട്ടാണതിലേക്കുള്ള ആഗ്രഹവും. ഒരു കവി പറഞ്ഞതുപോലെ "മനുഷ്യരായ നാം വിലക്കപ്പെട്ടവയിൽ ആശ്വസിക്കുന്നു." ഇതു നിമിത്തമാണു് വിശുദ്ധ പൌലോസ് നമ്മുടെ ശരീരത്തെ പാപശരീരമെന്നു

വിളിക്കുന്നത്. ഇങ്ങനെയുള്ള ദൂഷിതമായ സ്വഭാവത്തെ ആത്മദമനത്താൽ നിയന്ത്രിച്ച് അതിന്റെ പ്ലേഗു ആത്മാവിനെ ബാധിക്കാതെയിരിപ്പാൻ സൂക്ഷിക്കേണ്ടതു ഏവരുടേയും ചുമതലയാണ്.

ഇപ്രകാരമുള്ള മാംസേച്ഛ എല്ലാ വക നിന്ദ്യ സന്തോഷങ്ങളിലേക്കും നമ്മുടെ ഇന്ദ്രിയങ്ങളെ ആകൎഷിക്കയും അതു വഴിയായി നമ്മെ സകല പാപങ്ങളിലേക്കും ചാടിക്കയുംചെയ്യുന്നു. ഇതുകളിൽ പ്രധാനമായവ കൊതിയും കുടിയും മടിയും അതിന്റെ നാശഫലങ്ങളും, മോഹവും, (കാമവും) ശരീരസൌഖ്യത്തിലുള്ള അമിതമായ ശ്രദ്ധയും, വിനോദങ്ങൾക്കുള്ള ഉത്സാഹവും ആണ്. ചുരുക്കിപ്പറയുന്നതായാൽ ഇന്ദ്രിയങ്ങളെ അവയുടെ ന്യായമായ വിഷയങ്ങളിൽ നിന്നും നിന്ദ്യതമങ്ങളായ വയിലേക്കു ചായിക്കയാണു മാംസേച്ഛയുടെ പ്രധാന ജോലി. ഇങ്ങനെ ജഡമോഹമാണ് ആദിമാതാപിതാക്കന്മാരുടെയും തദ്വാരാ മനുഷ്യഗണത്തിന്റെയും സകല ദുരിതങ്ങൾക്കും കാരണം. "വൃക്ഷഫലം തിന്മാൻ നല്ലതും കണ്ണിനു ഭംഗിയുള്ളതും ദനാക്കുന്നതിനു സന്തോഷമുള്ളതുമെന്നു സ്ത്രീ കണ്ടു് അതിന്റെ ഫലത്തെ പറിച്ചുതിന്നു. തന്റെ ഭൎത്താവിനു കൊടുത്തു; അയാളും തിന്നു. അവരുടെ കണ്ണുകൾ തുറക്കപ്പെടുകയുംചെയ്തു! തങ്ങൾ നഗ്നരെന്നു കണ്ടു് അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു അരവസ്ത്രം ഉണ്ടാക്കി." ഈ മോഹംതന്നെയാണ് ലോകത്തെ ജലപ്രളയത്തിനിരയാക്കിയതു്. "എന്തുകൊണ്ടെന്നാൽ സകല ജഡവും ഭൂമിയിൽ അതിന്റെ വഴികളെ വഷളാക്കിയിരുന്നു." ഇതേ കാരണത്താൽതന്നെ "കൎത്താവു ആകാശത്തിൽ ദൈവസന്നിധിയിൽനിന്നും സൊദോമിന്റെയും ഗൊമോറായുടെയും മേൽ ഗന്ധകവും തീയും വൎഷിപ്പിച്ചു; താൻ ഈ പട്ടണങ്ങളേയും ചുറ്റുമുള്ള പ്രദേശത്തെ മുഴുവനും പട്ടണവാസികൾ സകലരേയും നിലത്തുനിന്നും മുളച്ചുണ്ടാകുന്ന എല്ലാററിനേയും നശിപ്പിക്കയുംചെയ്തു." എന്തുകൊണ്ടെന്നാൽ "സൊദോമിന്റെയും ഗൊമോറായുടെയും നിലവിളി വൎദ്ധിക്കയും അവയുടെ പാപം അതികഠിനമായിത്തീരുകയും ചെയ്തിരിക്കുന്നു." തിരുസഭയെ കഠിനമായി പീഡിപ്പിച്ച മൊന്താനി, ലൂഥേർ, ൮-ാംഹെന്റി മുതലായവരുടെപോലുള്ള ഒട്ടു മിക്ക ഏടത്തുട്ടുകളുടെയും കാരണം വാസ്തവത്തിൽ ഇതുതന്നെയാണു എന്നു് സഭാചരിത്രം വിളിച്ചുപറയും. ഇതിൽ നിന്നും എത്രയോ ഭിന്നങ്ങളും വഴക്കുകളും വധങ്ങളും യുദ്ധങ്ങളും ലോകത്തിൽ ഉണ്ടായിട്ടുണ്ട്; ഉണ്ടാകുന്നു; എന്നു ആരാൽ പറയാൻ സാധിക്കും! എത്രയൊ ജനങ്ങളുടെയും രാജ്യങ്ങളുടെയും നാശങ്ങൾക്കു ഇതു കാരണമായിട്ടുണ്ട്. ഈ ഒരൊററ കാരണമല്ലാതെ മററെന്താണു പലരേയും തങ്ങളുടേ തെററിൽ നിന്നും ദുൎവ്യാപാരങ്ങളിൽ നിന്നും തിരിഞ്ഞു സത്യവേദത്തെ ആശ്ലേഷിപ്പിക്കാതിരുത്തുന്നതു്! വിശുദ്ധ ലിഗോരിപുണ്യവാൻപറയുന്നതുപോലെഈ പാപത്താലാണ് മിക്കവരും നരകത്തിൽ വീഴുന്നതു്. ആത്മാക്കളുടെ ഭരണവിഷയത്തിൽ വിദഗ്ദ്ധന്മാരായവർ പറയുന്നതു് ഇതിനോളം അത്ര സൎവ്വസാധാരണയായി കാണുന്ന പാപങ്ങളില്ലെന്നാണ്. ഇതു എല്ലാ ജാതിക്കാരേയും ജോലിക്കാരേയും ബാധിക്കുന്നു. ജ്ഞാനത്തിനിതിനോടെതിൎപ്പാൻ ശക്തിയില്ലെന്നു് സോളമന്റെ ചരിത്രം നമ്മേ പഠിപ്പിക്കും; ദൈവസഹായമില്ലെങ്കിൽ ഏററം ശക്തൻകൂടിയും ഈ സംഗതിയിൽ കട്ടികളേപ്പോലെ വൎത്തിക്കുമെന്നു സാംസൺ നമ്മോടു പറയും; സാഹചൎയ്യങ്ങളിൽനിന്നു ഒഴിയാതെയും അവയെ സൂക്ഷിക്കാതെയുമിരുന്നാൽ ഭക്തർകൂടിയും ഇതിൽ കുടുങ്ങുമെന്നു ദാവീദ് നമ്മോടുപദേശിക്കുകയും ചെയ്യുന്നു.

## പത്തുപ്രമാണങ്ങൾ.

(൧൩-ാംപുസ്തകം ൧൧൭-ാംപക്ഷം തുടൎച്ച.)

വേദാചാരമെന്ന പുണ്യത്തിനു നേരെ പ്രതികൂലങ്ങളായ പാപങ്ങൾ ദൈവനിന്ദ (Irreligion), മൂഢഭക്തി (Superstition), ന്യായവിരുദ്ധമായ ആരാ

ധന (Unlawful worship) എന്നിങ്ങനെ പ്രധാനമായി മൂന്നാകുന്നു.

ദൈവത്തിനു ചെല്ലേണ്ടതായ ബഹുമാനാചാരങ്ങൾക്കു ഹാനി വരുത്തുന്നതാകുന്നു ദൈവനിന്ദയുടെ പ്രവൃത്തികൾ. ദൈവപരീക്ഷണം അവിധ്യാരാധന (Tempting of God), ധർമ്മലംഘനം (Sacrilege), അഭക്തി (Impicty), ദുർവാണിജ്യം (Simony) ഇതുകൾ ഈ ഗണത്തിൽ ഉൾപ്പെട്ടവയാണ്.

ദൈവത്തിന്റെ ശക്തി, വിവേകം, നീതി, കരുണ ഇത്യാദികളിൽ ഏതിനേയെങ്കിലും തക്ക കാരണമില്ലാതെ പരീക്ഷിക്കുന്നതിൽ ദൈവപരീക്ഷണം അടങ്ങിയിരിക്കുന്നു. ദൈവം നമ്മേ താങ്ങിക്കൊള്ളുമെന്നുള്ള വിശ്വാസത്തോടുകൂടി വെള്ളത്തിൻമീതെ നടക്കുവാൻ ശ്രമിക്കുക, ദൈവം കല്പിച്ചിരിക്കുന്ന ഉപകരണങ്ങളെ പ്രയോഗിക്കാതെ നമ്മുടെ ഏതെങ്കിലും പരിശ്രമം സഫലമാകുമെന്നു കരുതുക, പാപമോചനം കിട്ടുമെന്നുള്ള ശരണത്തോടുകൂടി സ്വാതന്ത്ര്യമായി കുററങ്ങളെ പ്രവർത്തിക്കുക, പാപങ്ങളെ പരിത്യജിക്കാതെയും ദൈവപ്രമാണങ്ങളെ അനുസരിക്കാതെയും നിത്യരക്ഷ പ്രാപിക്കാമെന്നു വിചാരിക്കുക ഇവയെല്ലാം ദൈവപരീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

വിശുദ്ധമായ ഏതിനെയെങ്കിലും മലിനപ്പെടുത്തുന്നതാകുന്നു ധർമ്മലംഘനം. മലിനപ്പെടുന്ന വിഷയം ഒരാളോ, ഒരു സ്ഥലമോ, ഒരു വസ്തുവോ ആകാം. ഒരു വൈദികനെ അടിക്കുകയോ ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട ഒരാളോടുകൂടി അശുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുന്നത് ആളിന്നടുത്ത ധർമ്മലംഘനമെന്നും, ദേവാലയങ്ങൾ, കുരിശുപള്ളികൾ മുതലായി ദൈവാരാധനയ്ക്കുവേണ്ടി വിശുദ്ധീകരിക്കപ്പെട്ട സ്ഥലങ്ങളേയും ശ്മശാനഭൂമികളേയും അശുദ്ധമാക്കുന്നത് സ്ഥലസംബന്ധമായ ധർമ്മലംഘനമെന്നും, കാസാ പീലാസാ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കപ്പെട്ടശേഷം ലൌകികർക്കു തൊടുവാൻ അനുവാദമില്ലാത്ത തിരുശീലകൾ തുടങ്ങിയുള്ളവയെ അശുദ്ധമാക്കുന്നതു വസ്തുസംബന്ധമായ ധർമ്മലംഘനമെന്നും പ്രത്യേക നാമധേയങ്ങളാൽ അറിയപ്പെടുന്നു. ചാവുദോഷത്തോടുകൂടി വി. കുർബാന ഉൾക്കൊള്ളുന്നതാകുന്നു ഇവയൊക്കേയുംകാൾ ഏററം ഭയങ്കരമായ ധർമ്മലംഘനം.

വേദകാര്യങ്ങളെപ്പററി പുച്ഛരസം പ്രദർശിപ്പിക്കുന്നതിനാകുന്നു അഭക്തിയെന്നു പേർ പറയുന്നത്. തന്നിമിത്തം തിരുസഭയുടെ ആചാരങ്ങളേയും ക്രമങ്ങളേയും നിയമങ്ങളേയും പററി പരിഹസിക്കുന്നവരും, വി. കുരിശ്, സ്വരൂപങ്ങൾ ഇവയെ നിന്ദിക്കുന്നവരും വേദാചരണത്തിൽ തങ്ങൾ പ്രദർശിപ്പിക്കുന്ന താല്പര്യക്കുറവു നിമിത്തം ദൈവത്തിന്റേയും തിരുസഭയുടേയുംപേരിൽ അന്യന്മാർക്കു അനാദരം ജനിപ്പിക്കുന്നവരും അഭക്തിയെന്ന പാപത്തിൽ ഉൾപ്പെടുന്നു. അഭക്തന്മാരുടെ എഴുത്തുകളും പ്രസംഗങ്ങളും വേദാചാരത്തിൽ വിരക്തിയുള്ളവരുടെ ദുർമ്മാതൃകകളും ഒരുപോലെ വർജ്ജിക്കേണ്ടവയാണ്. എന്തെന്നാൽ അഭക്തിയും വേദവിരക്തിയും ധർമ്മസാമ്രാജ്യത്തെ നശിപ്പിക്കുന്നതിന് ഇക്കാലത്തു ഒരേ വിധത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അധർമ്മങ്ങളും 'ഇടത്തൂട്ട'കളും അടങ്ങിയതും വേദസത്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ആക്രമിക്കുന്നതുമായ പുസ്തകങ്ങളെ അച്ചടിക്കുകയാകട്ടെ, വില്ക്കുകയാകട്ടെ, വാങ്ങുകയാകട്ടെ, വായിക്കുകയാകട്ടെ, വായ്പ കൊടുക്കുകയാകട്ടെ, സൂക്ഷിച്ചുവെക്കുകയാകട്ടെ ചെയ്യുന്നതിനു പാടില്ലാത്തതാണെന്നു സമസ്ത വിശ്വാസികളും ഓർത്തിരിക്കേണ്ടതാണ്. വിശുദ്ധ സിംഹാസനത്താൽ ശപിക്കപ്പെട്ടിരിക്കുന്ന എല്ലാ കൃതികളെപ്പററിയും ഇങ്ങനെതന്നെ ധരിക്കേണ്ടിയിരിക്കുന്നു.

ദുർവാണിജ്യം വിശുദ്ധ വസ്തുക്കളെ വിലക്കു കൊടുക്കവാങ്ങൽ ചെയ്യുന്നതിലുള്ള പാപമാകുന്നു. ദൈവത്തിനു വിരോധമായി ചെയ്യപ്പെടാവുന്ന അധിക്ഷേപങ്ങളിൽ ഇതു ഏററം ഘനവും നികൃഷ്ടവുമായിട്ടാണ് വിചാരിക്കപ്പെടുന്നത്.

മൂഢഭക്തി— ദൈവനിന്ദ, കുറവുകൊണ്ട് ഒന്നാംപ്രമാണത്തിനു വിരോധമായിരിക്കുന്നതുപോലെ മൂഢഭക്തി ആധിക്യംകൊണ്ട് അതിനു വിരോധമാകുന്നു.

മൂഢഭക്തിയെന്നു പറയുന്നതു് വ്യാജവും അതിരു കടന്നതുമായ ഒരു അതിഭക്തിയാണ്. ദൈവത്തിനുമാത്രം ചെയ്യേണ്ടതായ ആചാരം സൃഷ്ടികൾക്കു ചെയ്യുന്നതു് ത്യാജ്യമായ മൂഢഭക്തിയാകുന്നു. പിശാചിനെ തങ്ങളുടെ വിഗ്രഹങ്ങളുടെ രൂപത്തിൽ ആരാധിക്കുന്നതാണ് അജ്ഞാനികളുടെ പാപം. വിഗ്രഹാരാധനയെന്നു യഥാർത്ഥത്തിൽ പറയത്തക്കതായി യാതൊന്നും ക്രിസ്ത്യാനികളുടെ ഇടയിൽ ഇല്ല. എങ്കിലും ക്രിസ്ത്യാനികളിലും ചിലരെല്ലാം പിശാചിനെ ആശ്രയിച്ചു എന്നു വരാം. ഈ ആശ്രയത്തേയാണ് മൂഢഭക്തിയെന്നു പറയുന്നതു്.

ആശ്ചര്യകരങ്ങളായ ഫലങ്ങളെ ഉളവാക്കേണ്ടതിനൊ ഭവിഷ്യൽകാര്യങ്ങളെ അറിയിക്കേണ്ടതിനൊ, ദുർമന്ത്രങ്ങളെ ഉച്ചരിച്ചു വല്ല വസ്തുക്കളും അന്യന്മാരുടെ ഭവനങ്ങളിലും മററും സ്ഥാപിച്ചു് അവരെ ഉപദ്രവിക്കുന്നതിനൊ, തനിക്കു തന്നെയോ മററുള്ളവൎക്കോ വല്ല കാൎയ്യലാഭം വരുത്തേണ്ടതിനോ പിശാചുക്കളെ സേവിക്കുന്നതു് ക്രിസ്ത്യാനികളുടെ ഇടയിലും അത്ര അസാധാരണമല്ല. പിശാചു ദൈവമഹത്വത്തെ ആഗ്രഹിക്കയും തന്നിമിത്തം സ്വൎഗ്ഗത്തിൽനിന്നു് ഭ്രംശിക്കപ്പെടുകയും ചെയ്തു എന്നു് നമുക്കു അറിവുള്ളതാണല്ലോ. ദൈവത്തിനെതിരായി പിശാചിനു യാതൊന്നും ചെയ്വാൻ വഹിയാത്തതുകൊണ്ടു് അവനു നഷ്ടമായ സ്ഥാനങ്ങളിലേക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നശിപ്പിക്കുവാൻ അവൻ സൎവ്വ പ്രയത്നവും ചെയ്തുവരുന്നു. അതിനാൽ മനുഷ്യനെ നാശപാശത്തിൽ ഉൾപ്പെടുത്തുവാൻ ആകൎഷിക്കുന്ന സൂത്രങ്ങളായ മേൽപറഞ്ഞ അഭിചാരപ്രവൃത്തികളിലും അവയ്ക്കു തുല്യമായി പരിഷ്കൃത രീതിയിൽ നടത്തപ്പെടുന്ന മറേറതെങ്കിലും പ്രവൃത്തികളിലും നിന്നു് ഒഴിഞ്ഞിരിക്കുവാൻ സമസ്ത ക്രിസ്ത്യാനികൾക്കും കടമയുള്ളതാണ്.

(തുടരും.)

[illegible]

---

വിശുദ്ധ ബത്‌ലൂമ്മെയുടെ അന്ന എന്ന

## ധന്യയുടെ ജീവചരിത്രം

(തുടർച്ച)

പാപത്തിൻെറനേൎക്കു എനിക്കുണ്ടായിരുന്ന ഈ ഭയംമൂലം പല പരിശുദ്ധന്മാരുടെയും പ്രത്യേകം വിശുദ്ധ മാലാഖാമാരുടെയും എൻെറ പരമാൎത്ഥതയിൽ മാലാകാ എന്നു ഞാൻ വിശ്വസിച്ചിരുന്ന വിശുദ്ധ യൌസേപ്പിൻെറയും നേൎക്കു ഭക്തയായിരിപ്പാൻ തുടങ്ങി. എങ്കിലും എല്ലാവരിലും മുഖ്യമായി ഞാൻ സ്നേഹിക്കയും ആചരിക്കയും ചെയ്തിരുന്നതു് പരിശുദ്ധ കന്യകമറിയത്തെയായിരുന്നു. ഈ അമ്മയുടെപേരിൽ എനിക്കു വലിയ വിശ്വാസമുണ്ടായിരുന്നു. കൂടാതെ പതിനൊരായിരം വിശു. കന്യകമാരേയും വിശുദ്ധ യോഹന്നാൻ മാംദാനായേയും മററു ചില പുണ്യവാന്മാരേയും എൻെറ മദ്ധ്യസ്ഥന്മാരായി ഞാൻ നമസ്കരിക്ക പതിവായിരുന്നു. ദിവസംതോറും അവരോടു എന്നെ പാപക്കറകൂടാതെ കാത്തുകൊള്ളേണമെന്നും വിശിഷ്യ കന്യാവ്രതം എന്ന പുണ്യം എനിക്കു ലഭിച്ചുതരേണമെന്നും തീക്ഷ്ണതാപൂൎവ്വം അപേക്ഷിച്ചിരുന്നു. ദൈവത്തിൻെറ അടുക്കൽ എനിക്കു ഈ മദ്ധ്യസ്ഥന്മാരെല്ലാവരും ഉണ്ടായിരുന്നതുകൊണ്ടു വളരെ ആശ്വാസവും ദയാപരനായ ഈശോയുടെനേൎക്കു് അധികമായ ഭക്തിയും ഉളവായിരുന്നു. തൻെറ സ്നേഹത്തിൻെറ വിസ്മയനീയമായ വികാരങ്ങൾ എൻെറ ഹൃദയത്തിൽ ഞാൻ സ്പൎശിച്ചിരുന്നു. എൻെറ സകല പ്രവൃത്തികളിലും എനിക്കുണ്ടായിരുന്ന ഏകാഗ്രഹം ഈശൊ എന്നെ കാണണെമെന്നും അവിടുന്നു എന്നെ തൃക്കൺപാൎത്തു പ്രസാദിക്കണമെന്നും മാത്രം ആയിരുന്നു. ഞാൻ തനിയെ ഇരിക്കുമ്പോഴൊക്കെയും എനിക്കു സാധാരണയായി വന്നിരുന്ന ആഗ്രഹങ്ങളും ചിന്തകളും എല്ലാം ഇപ്രകാരമുള്ളവതന്നെ. എൻെറ പരമാൎത്ഥതയ്ക്കൊത്തപോലെ, തന്നെ കാണുന്നതിനായി ജനലകളിൽകൂടി തോട്ടങ്ങളിലേക്കു നോക്കിയിരുന്നു. എൻെറ ഏതാദൃശമായ ചെറുപ്രായത്തിൽ മററു പെൺകുട്ടികളോ

ട്ടുകൂടെ കളിക്കുന്നതിനു എനിക്കു ആഗ്രഹം ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ പ്രാൎത്ഥിച്ചുകൊണ്ടിരിക്കയും അതിൽ വളരെ ആത്മീയാശ്വാസം അനുഭവിക്കയും ചെയ്തിരുന്ന സമയം ഞാൻ കൎത്താവിന്റെ നേരെ തിരിഞ്ഞു: 'കൎത്താവേ! എന്റെ സഖികളുടെകൂടെ ചെന്നു കളിച്ചുകൊണ്ടുവരട്ടെ' എന്നു പറഞ്ഞു. കൎത്താവു എനിക്കു സസന്തോഷം അനുവദിച്ചതായി തോന്നുകയുണ്ടായി. എന്റെ ഭക്തന്മാരായ വിശുദ്ധന്മാരുടെ സ്തുതിക്കായി എന്റെ പതിവനുസരിച്ചു ജപങ്ങളെ ചെയ്യാതെ ഒരു ദിവസമെങ്കിലും കടന്നുപോയാൽ പിന്നെ എനിക്കുള്ള ഭയം അവൎക്കു എന്നോടു രസക്ഷയം തോന്നിയൊ എന്നുള്ളതാണ്. ഉടനെ അവരോടു മാപ്പു അപേക്ഷിക്കയും മേലിൽ അവരെ ബഹുമാനിക്കുന്നതിൽ വിശ്വസ്തയായിരുന്നു കൊള്ളാമെന്നു വാഗ്ദാനം ചെയ്കയും ചെയ്യു പതിവാണ്. ഇപ്രകാരമാണ് എനിക്കു പത്തുവയസ്സതികയുന്നതുവരെ എന്റെ ആത്മാവിൽ നടന്നിരുന്ന വൃത്താന്തം. പത്തുവയസ്സുപ്രായമായപ്പോൾ എന്റെ മാതാപിതാക്കന്മാർ മരിക്കയും തന്മൂലം എനിക്കു അത്യധികമായ വ്യസനം ഉണ്ടാകയും ചെയ്തു.

## അദ്ധ്യായം ൩.

## വിശേഷവരങ്ങൾ.

ഉണ്ണി ഈശോയുടെ പ്രത്യക്ഷ ദൎശനം— അവളുടെ ഒരു സംബന്ധക്കാരിയുമായുള്ള പുണ്യമൈത്രി— വനത്തിൽ ഓടിപ്പോകുന്നതിനുള്ള ശ്രമം.

അഛനമ്മമാരുടെ മരണാനന്തരം എന്റെ സഹോദരന്മാരുടെയും സഹോദരിമാരുടെയും കൂടെയായിരുന്നു എന്റെ വാസം. അവർ എനിക്കു അപ്പനും അമ്മയും ആയിരുന്നു. അവർ സാക്ഷാൽ സജ്ജനങ്ങളായിരുന്നു. എനിക്കു ഒരുവിധം പ്രായം വന്ന ഉടനെ വയലുകളിൽ ആടുകളെ മേയ്ക്കുന്നതിനു എന്നെവിട്ടു. അതു ഞങ്ങളുടെ വീട്ടിൽനിന്നു അത്ര അകലെയായിരുന്നില്ല. ഇതിൽ ആരംഭത്തിൽ എനിക്കു വളരെ മനോവ്യസനം ഉണ്ടായി. എങ്കിലും നമ്മുടെ ദിവ്യരക്ഷകൻ ഉടനെ എനിക്കു ആശ്വാസം നൽകാതിരുന്നില്ല. അതിനാൽ പറമ്പുകളുടെ കാഴ്ച എനിക്കു ആനന്ദകരമായി തീൎന്നു. പക്ഷികളുടെ കൎണ്ണാമൃതമായുള്ള പാട്ടുകൾ കേട്ട്, എന്റെ ആത്മാവു ധ്യാനചിന്തകളിൽ നിമഗ്നയായിപോയിരുന്നു. ഈ അഭ്യാസം നിമിത്തം അവർ പാട്ടുപാടാൻ തുടങ്ങുമ്പോഴേയ്ക്കു ഞാൻ ധ്യാനയോഗത്തിൽ മുഴുകി അതേ സ്ഥിതിയിൽ പലെ മണിക്കൂറുകൾ വ്യയം ചെയ്യുകയും പതിവായിരുന്നു. ഞാൻ ഈ വിധം ധ്യാനിച്ചിരിക്കുമ്പോൾ പലപ്പോഴും ഉണ്ണി ഈശോ എന്റെ അടുക്കൽവന്നു എന്റെ കരങ്ങളിൽ ഇരുന്നിരുന്നു. ഞാൻ ധ്യാനപരവശതയിൽ നിന്നുണരുമ്പോൾ ദിവ്യ ഉണ്ണിയെ എന്റെ കൈകളിലിരിക്കുന്നതായി കണ്ടിരുന്നു. ഏതാദൃശമായ ഏകാന്ത ധ്യാനങ്ങളിൽ എന്റെ ഉള്ളിൽ ഞാൻ അനുഭവിച്ചിരുന്നതു പറഞ്ഞറിയിക്കാവതല്ല. അപ്പോൾ ഞാൻ സ്വൎഗ്ഗത്തിലിരുന്നപ്രകാരം തോന്നുകയും എല്ലായ്പോഴും അവിടെ ആയാൽ നന്നായിരുന്നു എന്നു ആഗ്രഹിക്കയും ചെയ്യു പതിവാണ്. യാതൊരു മനുഷ്യനേയും കാണാതിരിക്കുന്നതിനുവേണ്ടി ദൂരെ വല്ല വനത്തിലും പോയാൽ കൊള്ളാമെന്നും ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. ഒരിക്കൽ ഉണ്ണി ഈശോയോടു ഞാൻ ഇപ്രകാരം പറകയുണ്ടായി. "'എന്റെ കൎത്താവേ! അങ്ങ് എന്റെ കൂട്ടുകാരനായിരിപ്പാൻ കരുണയുണ്ടായല്ലൊ. ആകയാൽ വേറെ ആളുകൾ ഉള്ള സ്ഥലത്തു നമുക്കു ഇനി ഒരിക്കലും പോകണ്ടാ. വല്ല മലകളിലുംപോയി നമുക്കു ഏകാന്തമായിരിക്കാം. എന്തുകൊണ്ടെന്നാൽ അങ്ങ് എന്റെ കൂടെ ഉണ്ടെങ്കിൽ പിന്നെ ഒന്നും എനിക്കു ആവശ്യപ്പെടുകയില്ല' അപ്പോൾ കൎത്താവു ഒന്നും സംസാരിക്കാതെ ഒരു പുഞ്ചിരികാണിച്ചതെയുള്ളു. തന്നിമിത്തം, അതല്ലായിരുന്നു അവിടുന്നു എന്നെക്കൊണ്ടു ചെയ്യിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നു എനിക്കു മനസ്സിലായി. ഉണ്ണിഈശോയുടെ ഈ സഹവാസം നിമിത്തം ഏകാന്തത എനിക്കു ഏററവും ഇഷ്ടമായി തീൎന്നതിനാൽ വേറെ ആളുകളെ കാണുക എനിക്കു മരണം

പോലെ ദുസ്സഹമായിരുന്നു. ചിലപ്പോൾ സമയം പോയതറിയാതെ, രാത്രിയാകുംവരെ ഈ ഏകാന്തതയിൽ ഇരുന്നിട്ടുണ്ട്. ഇതിനാൽ ഭയവിഹ്വലരായിത്തീൎന്ന് എന്റെ ഭ്രാതാക്കന്മാർ എന്നെ അന്വെഷിച്ചുവരികയും എന്നെ ശകാരിക്കയും ചെയ്തു ഉണ്ടായിട്ടുണ്ട്. അവരുടെ ശകാരങ്ങളെപ്പററി എനിക്ക ഒട്ടും പരിഭവം തോന്നിയില്ല. എന്തുകൊണ്ടെന്നാൽ എന്റെ കൂട്ടുകാരൻ ആരാണെന്നു അവർ അറിഞ്ഞിരുന്നില്ല. ഞാൻ അതു അവരോട്ട ഒരിക്കലും വെളിപ്പെടുത്താഞ്ഞുകൊണ്ട്, വേറെ വല്ലതും സംശയിക്കക്കൂടി ചെയ്തിട്ടുണ്ടായിരിക്കാം.

ധ്യാനം എന്താണെന്നുകൂടി ഞാൻ അറിഞ്ഞിരുന്നില്ലെങ്കിലും എന്റെ ധ്യാനം ഏററം ഉന്നതമായ ഒരു സ്ഥിതിയിൽ എത്തിയിരുന്നതിനാൽ, ഈശോയുടെ സ്നേഹതീക്ഷ്ണതകൊണ്ടു എരിയുക എനിക്ക സാധാരണമായിരുന്നു. ഈ കാലഘട്ടത്തിൽ എന്നെ ആരും അറിയാത്തതും സകലരാലും നിന്ദിക്കപ്പെടുവാൻ തക്കതുമായ ഒരു സ്ഥലത്തു പോയെങ്കിൽ നന്നായിരുന്നുവെന്നൊരു വിചാരം എന്നിൽ അങ്കുരിച്ചുതുടങ്ങി. ഇതിനായി പുരുഷവേഷം ധരിച്ചു ഓടിപ്പൊയ്ക്കളയാമെന്നു നിശ്ചയിച്ചു. എന്നാൽ ഈ വിധം പ്രവൎത്തിക്കുന്നതായാൽ എന്നെക്കുറിച്ചു പല ദുരൂഹങ്ങൾക്കും ഞാൻ ഹേതുവായിതീൎന്നേക്കുമോ എന്നും ഞാൻ ശങ്കിക്കാതിരുന്നില്ല. എങ്കിലും അതൊന്നും ഗണ്യമാക്കാതെ ഏതുവിഷമതകളേയും ജയിക്കാൻ ഞാൻ സന്നദ്ധയായിരുന്നു. എന്റെ കൂടെ ഒരുമിച്ചു ജ്ഞാനസ്നാനം സ്വീകരിച്ച എന്റെ ഒരു സംബന്ധക്കാരിയോടല്ലാതെ വേറെ ഒരുത്തരോടും ഈ നിശ്ചയങ്ങളെപ്പററി ഞാൻ ആലോചിക്ക ഉണ്ടായിട്ടില്ല. ഇവൾ വളരെ ഉത്തമയായ ഒരു ബാലികയായിരുന്നു. ഇവൾക്കും ശ്രേഷ്ഠതരമായ വളരെ അഭിലാഷങ്ങൾ ഉണ്ടായിരുന്നു. ഞങ്ങൾ കുൎബാന കാണാൻപോവുകയൊ അല്ലെങ്കിൽ ഒരുമിച്ചിരിക്കയൊ ചെയ്യുമ്പോഴൊക്കയും ഞങ്ങളുടെ ഹൃദയം ദൈവസ്നേഹാഗ്നിയാൽ കത്തി എരിഞ്ഞിരുന്ന പ്രകാരമാണ് എനിക്ക തോന്നിയിരുന്നതു്. ഒരു ദിവസം ഞാൻ അവളോട്ട: 'എന്റെ സഹോദരി! നമുക്ക പുരുഷവേഷധാരികളായി വല്ല വനത്തിലൊ മററൊ പോയി വിശുദ്ധ മഗ്ദലെനായെപ്പോലെ തപഃക്രിയകളിൽ നമ്മുടെ ജീവിതത്തെ നയിച്ചുകൂടയോ?' എന്നു ചോദിച്ചു. എന്നെക്കാളും വിവേകിനിയായ അവൾ പറഞ്ഞ മറുപടി ഇപ്രകാരമാണ് 'എന്റെ സഹോദരി! ഇനി അങ്ങനെ ഒന്നും ചെയ്യാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ അതിനു അസംഖ്യം വിഘ്നങ്ങളും അസംഖ്യം അപകടങ്ങളും ഉണ്ട്.' ഈ സമാധാനം ഒന്നും വകവെയ്ക്കാതെ, ഞാൻ വീണ്ടും വീണ്ടും എന്റെ ഉദ്ദേശ്യത്തിലേക്ക് അവളെ പ്രേരിപ്പിക്കയും ഒടുവിൽ സമ്മതിപ്പിക്കയും ആണുണ്ടായതു്. അതിന്റെശേഷം സാധുക്കളും പരദേശികളുമായ അടിമകളുടെ വേഷമണിഞ്ഞു, എല്ലായ്പോഴും രാത്രിയിൽവേണം യാത്രകഴിക്കാൻ എന്നും ഞാൻ പറഞ്ഞു. ഇപ്രകാരം എല്ലാം ചട്ടംകെട്ടി, ഒരു രാത്രി എല്ലാവരും ഗാഢനിദ്രപ്രാപിച്ചുകഴിയുമ്പോൾ നമ്മുടെ മനോഗതം നിറവേററണമെന്നു തീൎച്ചയാക്കി. നിശ്ചിതസമയം വന്നപ്പോൾ ഞങ്ങൾ വിചാരിച്ചതു് യാതൊരു പ്രതിബന്ധവും ഉണ്ടാകയില്ലെന്നായിരുന്നു. എന്നാൽ കൎത്താവു നിശ്ചയിച്ചതു നേരെ മറിച്ചായിരുന്നു. എന്തെന്നാൽ ഞങ്ങൾ രാത്രിമുഴുവനും അശ്രാന്തപരിശ്രമം എല്ലാം കഴിച്ചിട്ടും വീട്ടിൽനിന്നു പുറത്തിറങ്ങുവാൻ സാധിച്ചതേയില്ല. വാതിലുകൾ തുറക്കുവാൻ വളരെ എളുപ്പമായി തോന്നിയിരുന്നെങ്കിലും തുറക്കുവാൻ പാടായില്ല. പ്രഭാതമായപ്പോൾ ഇരുവരും പള്ളിയിൽ പോയി. "നീ എന്തുകൊണ്ടു പോയില്ല" എന്നു അന്യോന്യം ചോദിക്ക ഉണ്ടായി. കൎത്താവു ഞങ്ങളുടെ പ്ലാൻ അശേഷം തെററിച്ചതിനെ ഓൎത്തു് ചിരിക്കാതെ നിവൃത്തിയില്ലെന്നായി. ഈ സംഗതികളൊക്കെയും ഞങ്ങൾ മഹാ രഹസ്യമായിട്ടാണ് വച്ചിരുന്നതു്. ഞങ്ങളിരുവരും ഏകാത്മാവു പോലെയായിരുന്നു. എങ്കിലും എന്റെ സഖി എന്നെക്കാൾ വളരെ നല്ലവളായിരുന്നു.

[illegible]

## ഭക്തജീവിതപ്രവേശനം

അദ്ധ്യായം ൩.

നമ്മുടെ ആരംഭം ആത്മശുദ്ധീകരണമായിരിക്കണം.

"നമ്മുടെ ദേശത്തു പുഷ്പങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു; കൊമ്പിറക്കി നന്നാക്കേണ്ട സമയം വന്നിരിക്കുന്നു" (സങ്കീ. ൨. ൧൨). അല്ലയൊ ഫിലോത്തയാ! നല്ല വിചാരങ്ങളല്ലാതെ മറെറന്താണ് നമ്മുടെ ഹൃദയത്തിലെ പുഷ്പങ്ങൾ. അതിനാൽ അവ ഉദിക്കുമ്പോൾതന്നെ നാം വെട്ടുകത്തിഉപയോഗിച്ച് നിർജ്ജീവവുംഅനാവശ്യവുമായ പ്രവൃത്തികളെ നമ്മുടെ മനസ്സാക്ഷിയിൽനിന്നും ഉൻമൂലനം ചെയ്യണം. ഒരു വിദേശ കന്യക ഒരു ഇസ്രായേൽക്കാരനെ വിവാഹം കഴിക്കുന്നതിനുമുമ്പായി അവളുടെ അടിമവസ്ത്രം മാറുന്നതിനും നഖം ചെത്തുന്നതിനും തലമുടി കളയിക്കുന്നതിനും കടപ്പെട്ടിരുന്നു. ഇതുപോലെ ദൈവപുത്രൻെറ മണവാട്ടി എന്ന ബഹുമാനത്തെ ആഗ്രഹിക്കുന്ന ആത്മാവും പാപത്തെ ഉപേക്ഷിച്ച് ദൈവൈക്യത്തിനു പ്രതിബന്ധങ്ങളായവയെല്ലാം നീക്കി പഴയ മനുഷ്യനെ ഉരിഞ്ഞ് പുതിയ മനുഷ്യനെ ധരിക്കണം. സുഖപ്രാപ്തിക്ക് ദുസ്സ്വഭാവ പരിത്യാഗമാവശ്യമാണല്ലൊ. ഒരു നിമിഷംകൊണ്ട് വിശുദ്ധ പൌലോസും ജിനോവായിലെ ശ്ലു. കത്രീനായും, ശ്ലു. മറിയം മഗ്ദലേനായും, ശ്ലു. പെലാലിയും മററു ചിലരും പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടു. എന്നാൽ ഇതുപോലെയുള്ള ശുദ്ധീകരണം, പ്രകൃതിനിയമത്തിൽ മരിച്ചവരുടെ ഉയിപ്പുപോലെ വരപ്രസാദനിയമത്തിൽ അത്യത്ഭുതജനകവും അസാധാരണവുമാണ്. അതിനാൽ ആയതു് പ്രതീക്ഷിച്ചിരിക്കുന്നതു സാഹസമായിരിക്കും. ശരീരത്തിൻേറയൊ അഥവാ, മനസ്സിൻേറയൊ ശുദ്ധീകരണം അല്ലെങ്കിൽ സുഖലബ്ധി ഝടിതിയിലല്ല, വേദനയോടും സഹനത്തോടും ഒരു സ്ഥിതിയിൽനിന്നു മറെറാന്നിലേക്കു കടന്ന് ക്രമേണ മാത്രമെ ഉണ്ടാകുന്നുള്ളു.

യാക്കോബിൻെറ കോവിണിയിന്മേലുണ്ടായിരുന്ന മാലാഖാമാക്കു ചിറകുകളുണ്ടായിരുന്നിട്ടും അവർ പറക്കാതെ ഒരു പടിയിൽനിന്നും മറെറാന്നിലേക്ക് അനുക്രമം കയറുകയും ഇറങ്ങുകയുമാണു ചെയ്തതു്. ഇരുട്ടിനെ കുറേശ്ശെകുറേശ്ശെയായി നീക്കുന്ന പ്രഭാതത്തോട്, പാപത്തിൽനിന്നും ഭക്തിയിലേക്കുയരുന്ന ആത്മാവിനെ സാമ്യപ്പെടുത്താം. സാവധാനമായുണ്ടാകുന്ന രോഗശാന്തി എല്ലായ്പോഴും ഏററവും പൂർണ്ണമാണെന്ന് വൈദ്യസൂത്രം പ്രസ്താവിക്കുന്നു. ശാരീരികരോഗങ്ങളെപ്പോലെ മാനസികരോഗങ്ങളും കുതിരപ്പുറത്തു ചാടിവന്ന് കാൽനടയായി സാവകാശം പോകുന്നു. ഫിലോത്തയാ! ആകയാൽ ധൈര്യവും ക്ഷമയും ഈ ഉദ്യമത്തിൽ ആവശ്യമാണ്. കഷ്ടം! സ്വല്പനേരത്തേക്കു ഭക്തിയെ അഭ്യസിച്ച ശേഷം തങ്ങൾ അനേക അപൂർണ്ണതകൾക്ക് അധീനരെന്നുകണ്ട്, അതൃപ്തിയും ബുദ്ധിമുട്ടും അധൈര്യവും തോന്നി അതിനെ എല്ലാം ഉപേക്ഷിക്കുന്നതിനുള്ള പരീക്ഷയാൽ മിക്കവാറും പരാജിതരായി ആദ്യത്തെ ജീവിതസമ്പ്രദായത്തിലേക്കു പിന്തിരിയുന്ന എത്ര ആത്മാക്കളെപ്പററിയാണു പരിതപിക്കേണ്ടതായിട്ടുള്ളതു്? എന്നാൽ, നേരെമറിച്ച്, തങ്ങളുടെ പാപശുദ്ധീകരണത്തിൻെറ ആദ്യദിവസം തന്നെ അപൂർണ്ണതകളിൽനിന്നു കൂടെയും പൂർണ്ണമായി വെടിപ്പാക്കപ്പെട്ടുവെന്നു വിചാരിച്ച് വിപരീത പരീക്ഷയിൽ ഉൾപ്പെടുന്നവരും വലിയ ആപത്തിലാണിരിക്കുന്നതു്. അവർ ഇനിയും കഷ്ടിച്ച് പൂർണ്ണരായിട്ടില്ലെങ്കിലും തങ്ങൾ അപ്രകാരമുള്ളവരെന്നു വിശ്വസിച്ച് ചിറകുകൂടാതെ പറക്കുന്നതിനു ശ്രമിക്കുന്നു! അല്ലയോ ഫിലോത്തയാ! ഇത്രവേഗം വൈദ്യനിൽനിന്ന് അകന്നതിനാൽ അധഃപതിക്കുന്നതിനുള്ള വലിയ ആപത്തിലാണവർ. 'പ്രഭാതത്തിനുമുമ്പ് നീ എഴുന്നേൽക്കുന്നതു് വൃഥായാണ്' എന്നു രാജർഷിദർശി പറയുന്നു. (സങ്കീ. ൧൨൬. ൨). "ഇരുന്നതിനുശേഷം എഴുന്നേൽക്കു". ഈ ഉപദേശത്തെ താൻതന്നെ അനുസരിച്ചു ശുദ്ധിയാക്കപ്പെട്ടും നിർമ്മലമാക്കപ്പെട്ടും ഇരുന്നാറെയും പിന്നെയും അധികമധികം ശുദ്ധിയാക്കപ്പെടാനും നിർമ്മലമാക്കപ്പെടാനും ആഗ്രഹിച്ചിരുന്നു.

ആത്മശുദ്ധിയുടെ അഭ്യാസം നമ്മുടെ ജീവിതത്തോടു കൂടിയല്ലാതെ അവസാനിക്കുന്നതോ അവസാനിക്കേണ്ടതോ അല്ല. അതുകൊണ്ട് നമ്മുടെ അപൂൎണ്ണതകളുടെ കാഴ്ച നമ്മെ കലക്കേണ്ട ആവശ്യമില്ല; എന്തുകൊണ്ടെന്നാൽ അവയോടു യുദ്ധം ചെയ്യുന്നതിലാണ് പൂൎണ്ണത അടങ്ങിയിരിക്കുന്നതു്. അവയെ കാണാതെ യുദ്ധം ചെയ്യാനോ അല്ലെങ്കിൽ അവയോടു നേരിടാതെ ജയിക്കുന്നതിനൊ നമുക്കു എങ്ങനെയാണു കഴിയുക? അവയെ അറിയാതിരിക്കുന്നതിലല്ല, സമ്മതിക്കാതിരിക്കുന്നതിലാണ് നമ്മുടെ വിജയം സ്ഥിതിചെയ്യുന്നതു്. അവയെ സമ്മതിക്കാതിരിക്ക എന്നുവച്ചാൽ അവയെ ഇഷ്ടപ്പെടാതിരിക്കയാണ്. ഈ ആത്മികയുദ്ധത്തിൽ ചിലപ്പോൾ നാം മുറിവേല്ക്കുന്നതു് നമ്മുടെ എളിമയുടെ അഭ്യാസത്തിനു വളരെ ആവശ്യമാകുന്നു. എന്നാൽ നമ്മുടെ ജീവനേയോ ധൈൎയ്യത്തേയോ നാം കളയാതിരിക്കുവോളം നാം ഒരിക്കലും തോല്ക്കുകയില്ല. അപൂൎണ്ണതകൾക്കും പാപങ്ങൾക്കും നമ്മുടെ ആത്മജീവനെ നശിപ്പിക്കാൻ സാധിക്കയില്ല; അതു് ചാവുദോഷത്തിനു മാത്രമെ പാടുള്ളു. ഇതിൽനിന്നും, നാം അധൈൎയ്യപ്പെടരുതെന്നുമാത്രമാണു സിദ്ധിക്കുന്നതു്. "ഓ! കൎത്താവേ! എന്നെ അരൂപിയുടെ അധൈൎയ്യത്തിൽനിന്ന് അഥവാ ഭീരുത്വത്തിൽനിന്നും മന്ദതയിൽനിന്നും രക്ഷിക്ക" എന്നാണ് ദാവീദ് അപേക്ഷിച്ചതു്. ഈ യുദ്ധത്തിൽ പോരാടുകമാത്രം ചെയ്താൽ മതി; നാം സദാ വിജയികളാകുമെന്നതു് എത്രയൊ ആശ്വാസകരമാണ്.

## അദ്ധ്യായം ൩.

## ചാവുദോഷത്തിൽനിന്നുമുള്ള പ്രഥമ ശുദ്ധീകരണം.

ആദ്യമായി ചാവുദോഷത്തിൽനിന്നാണു ശുദ്ധീകരിക്കേണ്ടതു്; അതിനുള്ള മാൎഗ്ഗം കുമ്പസാരമെന്ന കൂദാശയാകുന്നു. ഇതിനായി നീ അറിയുന്നതിൽ ഏററവും നല്ല ഒരു കുമ്പസാരക്കാരനെ തെരഞ്ഞെടുക്കുക. തദനന്തരം, ഒരു നല്ല പാപസങ്കീൎത്തനം കഴിക്കുന്നതിനു പാപികളെ സഹായിക്കാനായി ഉണ്ടാക്കിയിട്ടുള്ള ഗ്രാനാഡാ, ബ്രൂണോ, എരിയസ്, ആഗർ മുതലായവരുടേതുപോലെയുള്ള പുസ്തകങ്ങളെ ലഭിക്കണം. അവയെ വായിച്ചു്, ബുദ്ധിവച്ചതുമുതൽ ഇതേവരെ നീ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളേയും സൂക്ഷ്മമായി തിട്ടപ്പെടുത്തുക. ഓൎമ്മിക്കുവാൻ പ്രയാസമെങ്കിൽ എഴുതുന്നതു നന്ന്. ഇങ്ങനെ നിന്റെ മനസ്സാക്ഷിയുടെ ദുശ്ശീലങ്ങളെല്ലാം അറിഞ്ഞു് സ്വരൂപിച്ചശേഷം (൧) പാപത്താൽ നീ ദൈവവരപ്രസാദത്തെ നഷ്ടമാക്കിയെന്നും (൨) സ്വൎഗ്ഗീയാവകാശത്തെ ഉപേക്ഷിച്ചെന്നും (൩) നിത്യനരകവേദനകളെ തെരഞ്ഞെടുത്തെന്നും (൪) ദൈവത്തിന്റെ നിത്യസ്നേഹത്തെ ത്യജിച്ചെന്നുമുള്ള നാലു സംഗതികളെപ്പററി ചിന്തിച്ചു് പാടുള്ള മനസ്താപത്തോടും അനുതാപത്തോടും അവയെ വെറുത്തുപേക്ഷിക്കുക. ഫിലോത്തയാ! ഞാൻ ഒരു മുഴുവൻകുമ്പസാരത്തെക്കുറിച്ചാണു പറയുന്നതെന്നു നീ ഗ്രഹിച്ചാലും! അതു് അവശ്യാവശ്യമല്ലെങ്കിലും ആരംഭത്തിൽ വളരെ പ്രയോജനകരമായി എനിക്കു തോന്നുന്നതിനാൽ അതിനെ കാൎയ്യമായി ഞാൻ ശുപാൎശ ചെയ്യുന്നു. ഒരു സാധാരണ ജീവിതം കഴിക്കുന്നവരുടെ സാമാന്യ പാപസങ്കീൎത്തനങ്ങൾ പലപ്പോഴും വലുതായ ന്യൂനതകളാൽ സംപൂൎണ്ണമായി കാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, പലപ്പോഴും അവർ നന്നായി ഒരുങ്ങുന്നില്ല, അല്ലെങ്കിൽ തയ്യാറാകുന്നില്ല; അവൎക്കു തക്ക അനുതാപവുമില്ല; എന്നു മാത്രമല്ല, പാപത്തിലേക്കു തിരിയുന്നതിനുള്ള ഒരുവക ആഗ്രഹത്തോടുകൂടി കുമ്പസാരിപ്പാൻ പോകുന്നതും ഒട്ടും അസാധാരണമല്ല. പാപഹേതുക്കളെ ഉപേക്ഷിച്ചു് ജീവിതത്തെ നന്നാക്കുവാൻ വേണ്ട മാൎഗ്ഗങ്ങളെ ഉപയോഗിക്കുന്നതിലുള്ള അവരുടെ അനന്തരവിസമ്മതത്തിൽനിന്നും ഇതു വെളിവാകുന്നു. ഈ ഘട്ടങ്ങളിലെല്ലാം ഒരു സൎവ്വസാമാന്യമായ കുമ്പസാരം നമ്മെത്തന്നെ അറിയുന്നതിന്നു നമുക്കിടവരുത്തുന്നു. അതു് നമ്മുടെ കഴിഞ്ഞ ജീവിതത്തെപ്പററി ഒരു നല്ല ക്ഷോഭത്തെ നമ്മിൽ ജനിപ്പിക്കുന്നു; ക്ഷമാപൂൎവ്വം നമ്മെ

കാത്തിരുന്ന ദൈവകാരുണ്യത്തെക്കുറിച്ച്
അത്ഭുതപ്പെടാൻ അതു നമ്മെ ഉത്സാഹി
പ്പിക്കുന്നു. നമുക്ക് ഹൃദയസമാധാനം ത
രുന്നു; മനസ്സിനെ ശമിപ്പിച്ച് നല്ല നി
ശ്ചയങ്ങൾ ചെയ്യുന്നതിനു നമ്മെ പ്രേരി
പ്പിക്കുന്നു. നമ്മുടെ അവസ്ഥയ്ക്കു് അധികം
യോജിക്കുന്ന ഉപദേശങ്ങൾ തരുന്നതിനു
നമ്മുടെ ആത്മപിതാവിനും പിന്നീടുള്ള
കുമ്പസാരങ്ങളിൽ അധികം വിശ്വാസ
ത്തോടെ നമ്മുടെ ഹൃദയം തുറന്നുപറയു
ന്നതിനു നമുക്കും സംഗതി വരുത്തുന്നു.
അതിനാൽ ഫിലോത്തെയാ! നിന്റെ ഹൃ
ദയത്തിന്റെ പൊതുവായ നവീകരണ
ത്തേയും ദൈവത്തിലേക്കുള്ള നിന്റെ ആ
ത്മാവിന്റെ പൂർണ്ണമായ മാനസാന്തരത്തെ
യും പററി സംസാരിക്കയിൽ, ഭക്തജീവി
തത്തിന്നായി പ്രയത്നിക്കുന്ന നിന്നോട്, ഒ
രു മുഴുവൻകുമ്പസാരം കഴിക്കണമെന്ന്
ഉപദേശിക്കുക അത്യാവശ്യമെന്നാണെനി
ക്കു തോന്നുന്നതു്.

## അദ്ധ്യായം ൧.

### പാപരസങ്ങളിൽനിന്നുമുള്ള രണ്ടാമത്തെ ശുദ്ധീകരണം.

ഏജിപ്തുദേശത്തിൽനിന്നും ഇസ്രാ
യേൽക്കാർ എല്ലാവരും പുറപ്പെട്ടെങ്കിലും
എല്ലാവരും ഇഷ്ടത്തോടെയല്ല തിരിച്ചു
പോന്നതു്. അതിനാലാണല്ലൊ എജിപ്തി
ലെ ഉള്ളിയേയും ഇറച്ചിച്ചട്ടിയേയും വി
ചാരിച്ച് അവരിൽ പലരും വ്യസനിക്കാ
നിടയായതു്. ഇപ്രകാരം തന്നെ കാര്യ
ത്തിൽ പാപത്തെ വിട്ടുപിരികയും എ
ന്നാൽ അതിലേക്കുള്ള ചാച്ചിലിനെ ഉപേ
ക്ഷിക്കാതിരിക്കയും ചെയ്യുന്ന അനുതാപി
കളും ഉണ്ട്. മേലാൽ പിഴക്കയില്ലെന്ന്
അവർ പ്രതിജ്ഞചെയ്യുന്നെങ്കിലും പാപ
ത്തിലേക്കുള്ള നിർഭാഗ്യ ഇഷ്ടത്തെ കളയു
കയോ അഥവാ വർജ്ജിക്കയൊ ചെയ്യുന്ന
തു് ഒരുമാതിരി മനസ്സില്ലാമനസ്സോടെയാ
ണ്. അവർ അതിനെ വിട്ടുപേക്ഷിക്കു
ന്നുവെങ്കിലും ലോത്തിന്റെ ഭാര്യ സൊ
ദോമിനെ തിരിഞ്ഞുനോക്കിയതുപോലെ
അതിനെ പലപ്പോഴും തിരിഞ്ഞുനോക്കു
ന്നു. മത്തങ്ങാ കൂട്ടിയാൽ മരിക്കുമെന്നു
വൈദ്യൻ പറയുന്നതുകൊണ്ടു് അതിനെ
വൈമനസ്യത്തോടെ വർജ്ജിക്കുന്ന രോ
ഗികളെപ്പോലെയാണവർ പാപത്തെ ഉ
പേക്ഷിക്കുക. അവർ അതിനെപ്പററി
സദാ സംസാരിക്കുന്നു; അതു് ഉപദ്രവക
രമെന്നു വിശ്വസിപ്പാൻ വിസമ്മതിക്കു
ന്നു; കൂടക്കൂടെ അതിനെ ആഗ്രഹിച്ച്
അതു ഭക്ഷിക്കുന്നവർ ഭാഗ്യവാന്മാരെന്നു
വിചാരിക്കുന്നു. ഇപ്രകാരമാണ് കൃത്യനി
ഷ്ഠയില്ലാത്തവരും അസ്ഥിരരുമായ അനു
താപികളുടേയും അവസ്ഥ. അവർ കു
റേനാളത്തേക്കു പാപത്തെ ഉപേക്ഷി
ക്കുന്നു; എന്നാൽ അതു വളരെ വ്യസന
ത്തോടെയാണ്. പാപം ചെയ്താൽ ശി
ക്ഷയില്ലായിരുന്നെങ്കിൽ അവർ സന്തോ
ഷിച്ചേനെ. പാപത്തെക്കുറിച്ച് ഒരുവി
ധം സന്തോഷത്തോടും രസത്തോടുംകൂടി
സംസാരിച്ച് പാപികളാണധികം സ്വ
സ്ഥരെന്നു വിചാരിക്കുന്നു. പകരം വീട്ടു
ന്നതിനായി നിശ്ചയിച്ചിരിക്കുന്നയാൾ കു
മ്പസാരത്തിൽ തന്റെ മനസ്സിനെ മാററു
ന്നു; എന്നാൽ പിന്നീടു തന്റെ ശത്രു
യെപ്പററി സന്തോഷത്തോടെ സ്നേഹിത
രുമായി സംഭാഷിക്കയും "ദൈവഭീതിയെ
ക്കുറിച്ചല്ലായിരുന്നെങ്കിൽ— ക്ഷമിക്കയെന്ന
ഈ സംഗതിയിൽ ദൈവപ്രമാണം കടുപ്പ
മാണ്— ഓരോരുത്തന്റെയും സ്വന്തകാ
ര്യത്തിൽ ദൈവം പകരംവീട്ടു അനുവ
ദിച്ചിരുന്നെങ്കിൽ ഹാ!" എന്നു പ്രസ്താവി
ക്കയും ചെയ്യുന്നതായി നിനക്കു കാണാം.
ഹാ! അവനു പാപമോചനം ലഭിച്ചെ
ങ്കിലും ഇനിയും അതിലേക്കുള്ള ചാച്ചിലാ
ൽ കുഴങ്ങുന്നു. കാര്യത്തിൽ അവൻ എ
ജിപ്തു വിട്ടെങ്കിലും, അശുദ്ധസ്നേഹത്തെ
വെറുക്കുകയും എന്നാൽ തന്നെ വശീക
രിക്കുന്നതിനും, അനുഗമിക്കുന്നതിനും ആ
ഗ്രഹിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെപ്പോ
ലെ, എജിപ്തിലെ വെള്ളുള്ളിയും ചുവന്നു
ള്ളിയും കൊതിച്ചുകൊണ്ടു് ഇനിയും അ
വൻ അരൂപിയിൽ അവിടെയാണെന്നാ
ക്കാണു മനസ്സിലാകാത്തതു്? കഷ്ടം! അ
ക്കൂട്ടർ എത്രയൊ വലിയ ആപത്തിലാണി
രിക്കുന്നതു്!

അല്ലയൊ ഫിലോത്തെയാ! ഒരു ഭക്ത
ജീവിതമാരംഭിക്കാൻ നിനക്ക് ആഗ്രഹമു
ണ്ടെങ്കിൽ നീ പാപം ചെയ്യാതിരുന്നാൽ
മാത്രം പോരാ; പാപച്ചാച്ചിലിൽനിന്നു

കൂടെയുംനിൻെറഹൃദയത്തെ ശുദ്ധീകരിക്കണം. എന്തുകൊണ്ടെന്നാൽ ഈ നീചരസങ്ങൾ നിന്നെ അധഃപതിപ്പിച്ചേക്കാമെന്നു മാത്രമല്ല, ഭക്തിയുടെ കാതലായ സൽപ്രവൃത്തികളെ ത്വരിതമായും ഉത്സാഹത്തോടുകൂടിയും ചെയ്യുന്നതിനു നിന്നെ അശക്തയാക്കത്തക്കവണ്ണം മാനസികശക്തിയെ അത്ര ശാശ്വതമായി ക്ഷീണിപ്പിച്ച് മന്ദിപ്പിക്കയുംചെയ്യും. പാപാവസ്ഥയിൽനിന്നുമാറിയെങ്കിലും ഈ ചാച്ചിലുകളെ വച്ചുകൊണ്ടിരിക്കുന്നവർഎൻെറ അഭിപ്രായത്തിൽ, പിത്തകാമലബാധിതരെപ്പോലെയാണ്; രോഗമില്ലെങ്കിലും അവരുടെ സകല പ്രവൃത്തികളും ദീനം പിടിപെട്ടവയാണ് (ദൂഷ്യങ്ങളാണ); ഭക്ഷണത്തിനവക്കു രുചിതോന്നുന്നില്ല; സമാധാനംകൂടാതെ അവർ ഉറങ്ങുന്നു; സന്തോഷംകൂടാതെ ചിരിക്കുന്നു, നടക്കുന്നു എന്നതിനേക്കാൾ ഇഴയുന്നു, ഇവിടെ വിവരിച്ചവരുടേയും സ്ഥിതി സാക്ഷാൽ ഇപ്രകാരംതന്നെയാണ്; അവരുടെ സുകൃതങ്ങളിൽനിന്നും സകല വൈശിഷ്ട്യത്തേയും അപഹരിക്കുന്ന ആദ്ധ്യാത്മികമന്ദതയോടേയാണ് അവർ നന്മചെയ്യുന്നതു്; അവതന്നെയും എണ്ണത്തിൽ ചുരുങ്ങിയവയും ഫലത്തിൽ നിസ്സാരവുമാണ്.

## പുതിയ ദണ്ഡവിമോചനങ്ങൾ.

൧. "കർത്താവേ! എൻെറ പാപങ്ങൾക്കുവേണ്ടി അങ്ങുന്നു കുരിശിന്മേൽ മരിച്ചതിനേക്കുറിച്ച് അങ്ങേക്കു ഞാൻ സ്തോത്രംചെയ്യുന്നു." ഈ സുകൃതജപം ചൊല്ലുന്ന വിശ്വാസികൾക്കു ദിവസത്തിലൊരിക്കൽ ൩൦൦ ദിവസത്തെ ദണ്ഡവിമോചനം. (൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ ൧൯൧൯ ജനുവരി ൧൯.)

സൂചനം.– ഈ സുകൃതജപം വിശുദ്ധ കുരിശിൻെറ പൌലോസ് പുണ്യവാൻ ധ്യാനത്തിൻെറ അവസരങ്ങളിൽ താല്പര്യമായി ജനങ്ങളെ പഠിപ്പിച്ചിരുന്നു.

൨. "ഈശോയുടെ തിരുഹൃദയമേ! അങ്ങുന്ന് അറിയപ്പെടുകയും, സ്നേഹിക്കപ്പെടുകയും, അനുകരിക്കപ്പെടുകയും ചെയ്യപ്പെടട്ടെ." ദിവസത്തിലൊരിക്കൽ ൩൦൦ ദിവസത്തെ ദണ്ഡവിമോചനം. (൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ ൧൯൧൯ മാർച്ച് ൧൫.)

൩. "കുടുംബപ്രതിഷ്ഠ" അഥവാ "ഈശോയുടെ തിരുഹൃദയത്തിൻെറ സിംഹാസനാരോഹണം" എന്നീ സൽകർമ്മം നടത്തപ്പെടുന്ന ദിവസത്തിലും, വർഷംതോറും അതു പുതുക്കുന്ന ദിവസത്തിലും കുടുംബക്കാർക്കു പൂർണ്ണദണ്ഡവിമോചനം. (൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ ൧൯൧൫ ഏപ്രിൽ ൨൭.) എന്നാൽ ഈ ദണ്ഡവിമോചനം പ്രാപിക്കുന്നതിനു കുടുംബക്കാർ കുമ്പസാരിച്ച് ശുദ്ധ കുർബ്ബാന കൈക്കൊണ്ട് മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിക്കണം.

൪. വ്യാകുലമാതാവിൻെറ രണ്ടു തിരുനാളുകൾക്കും മുമ്പുള്ള ഏഴു വെള്ളിയാഴ്ചകളിൽ കുമ്പസാരിച്ചു ശുദ്ധ കുർബ്ബാന കൈക്കൊണ്ട് ൭ ആ. ൭ നന്മ. ൭ ത്രിത്വസ്തുതിയും ചൊല്ലുന്ന വിശ്വാസികൾക്ക് പൂർണ്ണദണ്ഡവിമോചനം. (൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ ; ൧൯൧൯ മാർച്ച് ൨൨) Promptuar: Aug. 1918.

വ്യാകുലമാതാവിൻെറ തിരുനാളുകളിൽ ഒന്ന് ദുഃഖവെള്ളിയാഴ്ചക്കു മുമ്പുള്ള വെള്ളിയാഴ്ചയും വേറൊന്ന് സെപ്റ്റംബർമാസം ൩-ാം ഞായറാഴ്ചയും ആഘോഷിക്കപ്പെടുന്നു. ഈ രണ്ടു തിരുനാളുകൾക്കും മുമ്പുള്ള ഏഴു വെള്ളിയാഴ്ചകളിൽ അനേക വിശ്വാസികൾ വ്യാകുലമാതാവിൻെറ മേലുള്ള ഭക്തിമൂലം കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്ന പതിവിനെ പ്രബലപ്പെടുത്തുന്നതിനും സകലരേയും ഇതിലേക്കു പ്രോത്സാഹിപ്പിക്കുന്നതിനും നവമായി നൽകപ്പെട്ട ഈ ദണ്ഡവിമോചനങ്ങൾ വളരെ ഉപകരിക്കുന്നതാണ്.

### പരിശുദ്ധ കുർബ്ബാനയെ ആരാധിച്ചു ചൊല്ലുന്നതിനുള്ള ഒരു ജപം.

"എത്രയും പരിശുദ്ധനായ ഈശോമ്ശിഹാ കർത്താവേ! ഞങ്ങൾ ഇവിടെയും ലോകമൊക്കയിലുമുള്ള അങ്ങേ സകല ദേവാലയങ്ങളിലും അങ്ങേ ആരാധിക്കുകയും വിശുദ്ധ കുരിശാൽ അങ്ങുന്ന് ലോ

കത്തെ വീണ്ടുരക്ഷിച്ചതിനേക്കുറിച്ച് അ
ങ്ങേ വാഴ്ത്തുകയും ചെയ്യുന്നു."
ദേവാലയത്തിൽ പ്രവേശിക്കുമ്പോ
ഴും അവിടെനിന്നു ഇറങ്ങുമ്പോഴും മുട്ടി
ന്മേൽ നിന്നുകൊണ്ട്, കുറഞ്ഞപക്ഷം മ
നസ്സാപത്തോടുകൂടെയെങ്കിലും ഈ ജ
പം ചൊല്ലുന്നവർക്ക് ൭ വർഷത്തേയും ൭ മ
ണ്ഡലത്തേയും ദണ്ഡവിമോചനം ലഭി
ക്കുന്നതാണ്. ഇങ്ങനെ ദിവസത്തിൽ
എത്ര പ്രാവശ്യം ചെയ്യുമോ അത്രയും പ്രാ
വശ്യം ഇതു ലഭിക്കും. കുമ്പസാരിച്ചു വി
ശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം ഒരു
മാസം മുഴുവനും മേൽപറഞ്ഞപോലെ
ഈ ജപം ചൊല്ലിയാൽ പൂർണ്ണദണ്ഡവി
മോചനവും പ്രാപിക്കാം. ഇത് ശുദ്ധീ
കരസ്ഥലത്തിലെ ആത്മാക്കൾക്കായി കാ
ഴ്ചവെക്കാവുന്നതുമാണ്.
(൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ
൧൯൧൫ ഓഗസ്റ്റ് ൩.)

## കുടുംബ പ്രതിഷ്ഠ.

(കാരുണ്യമാതാവേ! എന്ന മട്ടു.)

൧. മോക്ഷത്തിൻരാജാവേ!
ലോകാധികർത്താവേ!
വാഴുക നീ സുചിരം— നിൻെറ
രക്തത്താൽ വീണ്ടു നീ
രക്ഷിച്ചൊരീ ഗൃഹം
പാലിച്ചു വാണരുൾക.
൨. ആളും ധനങ്ങളും
വേലകൾ ജോലികൾ
ദുഃഖദുരിതങ്ങളും— എല്ലാം
കെല്പെഴും നിന്നുടെ
തൃപ്പാദതാരതിൽ
കാഴ്ചയണയ്ക്കുന്നിതാ.
൩. കാരുണ്യമോലുന്ന
ദിവ്യഹൃദയമേ!
നിൻതിരുവുള്ളംപോലെ— മേലിൽ
എന്തും ചെയ്വാനിതാ
സന്തതമീയിവർ
സന്നദ്ധരായിടുന്നു.
൪. സൂര്യൻെറ വാഴ്ചയിൽ
കൂരിരുൾ നില്ക്കുമോ?
ആയുസ്സു വാണിടവേ— നിത്യ
മൃത്യുവുണ്ടോ മേലി
പത്തനത്തിങ്കൽ വ—
ന്നെത്തിനോക്കാൻ തുനിയു?
൫. സ്വർഗ്ഗീയസമ്പത്തു
സിംഹാസനം തന്നിൽ
വാഴുന്ന വീട്ടിലിനി— ജ്ഞാന
ദാരദ്ര്യത്തിനുടെ
ക്രൂരതയേറിയ
വാഴ്ച നടന്നിടുമോ?
൬. വാഴുക വാഴുക
സാനന്ദമീവിധം
സ്നേഹത്തിൻ മന്നവനേ— നിത്യ
ഭാഗ്യത്തിൽ ഞങ്ങളും
വേഗത്തിൽ വന്നങ്ങു
ചേരുന്നനാൾ വരെയും.

ദ.ജ. ?

## തിരുഹൃദയഭക്തന്മാർ

൧൯൨൭ കന്നിമാസത്തിൽ വെക്കേണ്ട

## പൊതുനിയോഗം.

### ശിശുക്കളുടെ ജ്ഞാനസ്നാനം.

നമ്മുടെ കർത്താവീശോമ്ശിഹാ ശി
ശുക്കളെ ആശീർവ്വദിച്ചുകൊണ്ട് "ദൈവ
രാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു" എ
ന്നരുളിച്ചെയ്തു. ശിശുക്കൾക്കു അവരെ
പ്പോലെ ശുദ്ധഹൃദയമുള്ളവർക്കുമേ സ്വർഗ്ഗ
ത്തിൽ പ്രവേശനമുള്ളു എന്നാണല്ലൊ ഇ
തിൻെറ സാരം. എന്നാൽ നിത്യരക്ഷയ്ക്കു
മാമ്മോദീസാ അവശ്യാവശ്യമായിട്ടാണിരി
ക്കുന്നത്. വെള്ളത്താലൊ, ആഗ്രഹത്താ
ലൊ, രക്തത്താലൊ മാമ്മോദീസാ കൈ
ക്കൊള്ളുവാൻ പാടുണ്ട്. പ്രായപൂർത്തി വ
ന്നവർക്കു, വെള്ളംകൊണ്ടുള്ള മാമ്മോദീസാ
ലഭിക്കാനിടയാകാതെ വന്നാൽ ആഗ്രഹം
കൊണ്ടെങ്കിലും അതു കൈക്കൊള്ളുവാൻ
കഴിയും. വേദത്തെപ്രതി മരിക്കുന്നവ
രാണു രക്തംകൊണ്ടുള്ള മാമ്മോദീസാ
കൈക്കൊള്ളുന്നത്. ശിശുക്കൾക്കു, സാ
ധാരണമായി പറഞ്ഞാൽ, വെള്ളംകൊ
ണ്ടുള്ള മാമ്മോദീസായാണു ഏകരക്ഷാമാ
ർഗ്ഗം. സ്വപരിശ്രമംകൊണ്ടു രക്ഷപ്രാപി
പ്പാൻ പാടില്ലാത്ത ഇവരുടെ നിത്യഭാഗ്യം
രക്ഷാകർത്താക്കന്മാരെയാണല്ലൊ ആശ്ര

യിച്ചിരിക്കുന്നതു്. അവരുടെ അശ്രദ്ധമൂലം എത്ര ആയിരം കുട്ടികൾ മാമ്മോദീസാ കൂടാതെ മരിച്ചു്, ദൈവദർശനം കൂടാതെ കഴിച്ചുകൂട്ടുന്നു. ശീമരാജ്യങ്ങളിൽ കുട്ടികൾക്കു, പിറക്കുന്ന ദിവസത്തിൽതന്നെ മാമ്മോദീസാ കൊടുക്കുന്നതു് അത്ര അസാധാരണമല്ല. ഈ കേരളത്തിൽ ഒന്നും രണ്ടും ആഴ്ചകഴിഞ്ഞേ ജ്ഞാനസ്നാനം കൊടുക്കാറുള്ളൂ. ഇത്ര നീട്ടിവെക്കുന്നതുകൊണ്ടു് എത്ര കുട്ടികൾ ജ്ഞാനസ്നാനംകൂടാതെ മരിക്കുവാനിടയാകുന്നു. അപകടമുണ്ടെന്നു കാണുന്നപക്ഷം 'വീട്ടുമാമ്മോദീസാ' (ആഘോഷംകൂടാതെയുള്ളതു) കൊടുത്താലും നിത്യരക്ഷയ്ക്കു ധാരാളം മതിയാവുന്നതാണു്. ഇതിനു ഒരു പ്രയാസവുമില്ല. "ബാവായുടെയും ✠ പുത്രന്റെയും ✠ റൂഹാദക്കുദശായുടെയും ✠ നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു ചൊല്ലുകയും അതിനിടയ്ക്കു് മൂന്നുപ്രാവശ്യം കുരിശിന്റെ ഭാഷയിൽ ശിശുവിന്റെ തലയിൽ വെള്ളമൊഴിക്കുകയും ചെയ്താൽ മതി. ഈ ക്രിയയുടെ ദാതാവു് പുരുഷനോ സ്ത്രീയോ, കത്തോലിക്കനോ, അകത്തോലിക്കനൊ ആരെങ്കിലും ആകാം. തിരുസഭ ചെയ്യുന്ന ഒരു തിരുക്കർമ്മം താനും ചെയ്യുന്നു എന്നുള്ള നിയോഗം ദാതാവിനുണ്ടായിരിക്കണം; അത്രയേവേണ്ടു. ഇങ്ങനെ ഇത്ര എളുപ്പത്തിൽ നടത്താവുന്നതും, എന്നാൽ നടത്താതിരുന്നാൽ നിത്യരക്ഷ കുട്ടികൾക്കു നഷ്ടീഭവിക്കുവാനിടയാകുന്നതുമായ മാമ്മോദീസാ ലഭിക്കാതെ ശിശുക്കൾ മരിക്കുന്നതായാൽ അതു് എത്ര ശോചനീയമാണു്. ഇതിനു രക്ഷാകർത്താക്കൾ ഉത്തരവാദികളുമാണു്. പിടിച്ചു തഴുകത്തക്കവണ്ണം മ്ശിഹായാൽ അത്ര സ്നേഹിക്കപ്പെട്ട ശിശുക്കളുടെ നിത്യരക്ഷ അപകടത്തിലാകാതിരിക്കുന്നതിനു തക്ക സമയത്തിൽ അവക്കു ജ്ഞാനസ്നാനം ലഭിക്കുവാൻ വേണ്ടി തിരുഹൃദയഭക്തർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

---

## ലോകവർത്തമാനച്ചുരുക്കം.

ദെലഗാദ് അപ്പസ്തോലിക്കാ മഹോന്നത ദിവ്യശ്രീ ഏദ്മസോണി തിരുമനസ്സുകൊണ്ടു് കാണ്ടിയിലുള്ള സ്ഥിരതാമസം ഉപേക്ഷിച്ചു് ഇക്കഴിഞ്ഞ മാസത്തിൽ സിലോൺ വിട്ടു് ഇൻഡ്യയിലേക്കു പുറപ്പെടുകയുണ്ടായി. ഈ യാത്രയിൽ കേരളത്തേയും തിരുമനസ്സു കൊണ്ടു സന്ദർശിക്കുവാനിടയുണ്ടു്.

ഓറസ്സും പട്ടണത്തിലെ ജനസംഖ്യ എഴുപത്തയ്യായിരമാകുന്നു. ഇവരിൽ അൻപതിനായിരവും യൂദന്മാരാണ്. മഹമ്മദീയരുടെ സംഖ്യ പതിനായിരംവരും. പതിനയ്യായിരമാകുന്നു പലവകുപ്പുകാരായ ക്രിസ്ത്യാനികളുടെ സംഖ്യ. ഇവരിൽ കത്തോലിക്കരുടെ തുക അയ്യായിരമാണ്.

ഡൻമാക്കിലെ ഐക്യരാജ്യപ്രതിനിധിയായ ബഹുമാനപ്പെട്ട മോറീസ പ്രാൻസീസ ഏഗൻ അവർകൾ സ്വല്പകാലത്തെ അവധിയെടുത്തു അമേരിക്കായിൽ എത്തിയിരിക്കുന്നു. ഇദ്ദേഹം ഉത്തമ കത്തോലിക്കനും ഒരു ഗ്രന്ഥകർത്താവുമാണ്. ഒരു അമേരിക്കൻ പത്രപ്രതിനിധിയുമായി സംസാരിക്കയിൽ, ഡൻമാക്കിൽ കത്തോലിക്കാ മതത്തിനു ഒരു ജീവൻവീണിട്ടുണ്ടെന്നും കത്തോലിക്കർക്കു രാജ്യകാര്യസംബന്ധമായും മതസംബന്ധമായും പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നും പ്രഭുക്കളിൽ നിന്നും അഗതികളിൽനിന്നും അനേകംപേർ മാനസാന്തരപ്പെടുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. ഇപ്പോൾ അവിടെ ഇരുപതിനായിരം കത്തോലിക്കരും ൪൭ ദേവാലയങ്ങളും, ൬൫ പട്ടക്കാരും ൫൯൭ കന്യാസ്ത്രീകളുമുണ്ടു്. അവിടുത്തെ ആകെയുള്ള ജനസംഖ്യ മുപ്പതു ലക്ഷമാണ്.

ഈ കൊല്ലത്തിൽ ന്യൂയോക്കിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള കത്തോലിക്കാ ഡയറക്ടറിയിൽ, ഐക്യരാജ്യത്തുള്ള കത്തോലിക്കരുടെ സംഖ്യ ഒരുകോടി ൭൨ ലക്ഷത്തി ൧൬൫൬൦൫൭ ആണെന്നു കാണുന്നു. ഇതു് ൧൯൧൬-ലെ തുകയേക്കാൾ മൂന്നുലക്ഷത്തി ൯൯൬൪൭൭ കൂടുതലാണ്. ഈ തുകയോടു് ഐക്യരാജ്യ ഗവമ്മേണ്ടിന്റെ അധീനത്തിലുള്ള പിലിപ്പയിൻ ദ്വീപങ്ങൾ, വീർജിൻ ദ്വീപങ്ങൾ അലാസ്കാ മുതലായ പ്രദേശങ്ങളിലെ കത്തോലിക്കരുടെ തുകകൂടി ചേർത്താൽ കിട്ടുന്ന സംഖ്യ രണ്ടുകോടി ൩൨ ലക്ഷത്തി ൩൩൩൭൭൭ ആകുന്നു. ഐക്യരാജ്യങ്ങളിൽ ആകെ ൨൧൭൮൮ പട്ടക്കാരുള്ളതിൽ ൧൫൯൨-ം ഇടവകപ്പട്ടക്കാരാകുന്നു. പല സഭകളിലായി ൫൫൫൫ സന്യാസപ്പട്ടക്കാരുമുണ്ടു്. മെത്രാപ്പോലീത്താമാരുടെ സംഖ്യ ൧൫-ം, മെത്രാ

ന്മാരുടേതു [illegible] ആകുന്നു. വൈദികരുടെ സ്ഥിരതാമസമുള്ള [illegible] ദേവാലയങ്ങൾ ഉണ്ട്. മിഷ്യൻ ദേവാലയങ്ങൾ [illegible] ആകുന്നു. [illegible] ആണ് സെമ്മിനാരികളുടെ എണ്ണം. ഇവയിൽ [illegible] വൈദിക വിദ്യാൎത്ഥികളുണ്ട്. ഇടവകപ്പള്ളിക്കൂടങ്ങൾ [illegible] അതുകളിലെ കുട്ടികൾ [illegible] ലക്ഷത്തി [illegible] ആകുന്നു. ആൺകുട്ടികൾക്കുതന്നെ [illegible] കോളേജുകളുണ്ട്. പെൺകുട്ടികൾക്കുള്ള ഉയന്ന സ്കൂളുകൾ [illegible] അനാഥ മന്ദിരങ്ങൾ [illegible] വൃദ്ധന്മാരുടെ സംരക്ഷണത്തിനുള്ള ഭവനങ്ങൾ [illegible] ആകുന്നു.

ഇപ്പോഴത്തെ യുദ്ധംമൂലം ഓരോ രാജ്യക്കാർ അനുഭവിക്കുന്ന കഷ്ടതകൾക്കു ഒരു കൈയും കണക്കുമില്ല. ഉണ്ണുവാൻ ചോറും ഉടുപ്പാൻ വസ്ത്രവും കിടപ്പാൻ സ്ഥലവുമില്ലാതെ വലയുന്ന ആളുകൾ രണ്ടുകോടി അമ്പത്തെട്ടരലക്ഷത്തിലധികമാകുന്നു. ഇവരിൽ ഒരു കോടിയും പൊളണ്ടു നിവാസികളാണ്.

സുപ്രസിദ്ധനും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രിഫക്റ്റുമായ മഹോന്നത ദിവ്യശ്രീ വാൻറോസ്സം കർദ്ദിനാളെപ്പറ്റി വായനക്കാർ കേട്ടിരിക്കുമെങ്കിലും കർദ്ദിനാൾസ്ഥാനികനായ ഇദ്ദേഹം ഒരു മെത്രാനായിരുന്നില്ലെന്നു അധികമാരും അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. കർദ്ദിനാൾ സ്ഥാനം കിട്ടണമെങ്കിൽ ഒരു മെത്രാനായിരിക്കണമെന്നു നിർബന്ധമില്ല. അസാമാന്യ യോഗ്യതയുള്ള വെറും വൈദികന്മാൎക്കും കർദ്ദിനാൾസ്ഥാനം കൊടുക്കാറുണ്ട്. വൻറോസ്സംകർദ്ദിനാൾ ഈ ഗണത്തിൽപെട്ട ഒരു വൈദികശിരോമണിയാണ്. ഇദ്ദേഹത്തെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിച്ചതിന്റെ ശേഷം മെത്രാൻപട്ടം കൊടുക്കണമെന്നു പരിശുദ്ധപിതാവു നിശ്ചയിക്കുകയും ഇക്കഴിഞ്ഞ മെയ് മാസത്തിൽ തിരുമനസ്സുകൊണ്ടു തന്നെ പട്ടാഭിഷേകകൎമ്മം നടത്തുകയും ചെയ്തിരിക്കുന്നു. അതിദീൎഘമായ ഈ ദിവ്യകൎമ്മം മാൎപ്പാപ്പാമാർ നടത്തുക സാധാരണ പതിവില്ലാത്തതിനാൽ പ്രസ്തുത സന്ദൎഭത്തിൽ കാണികളായി പല മഹാന്മാരും സന്നിഹിതരായിരുന്നു. വത്തിക്കാനിലുള്ള വിവിധ രാജ്യങ്ങളിലെ സ്ഥാനപതികളും, പലേ കർദ്ദിനാൾമാരും, റോമായിലുള്ള മഹാപാഠശാലകളുടെയും സന്ന്യാസസഭകളുടെയും പ്രതിനിധികളും തങ്ങളുടെ സാന്നിദ്ധ്യത്താൽ പ്രസ്തുത സന്ദൎഭത്തിനു പ്രാധാന്യം വൎദ്ധിപ്പിച്ചു. പതിനഞ്ചാം ബനദിക്തോസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് കേവലം അക്ഷീണനായിട്ടാണ് ഈ കൎമ്മങ്ങളെല്ലാം നടത്തിയതു്. തിരുമനസ്സുകൊണ്ട് അന്യൂനമായ ആരോഗ്യത്തോടുകൂടിയിരിക്കുന്നു എന്നുള്ളതിനു ഇതൊരു ലക്ഷ്യമാണല്ലൊ.

തെക്കേ അമേരിക്കായിലെ ചില്ലി എന്ന ജനാധിപത്യ രാജ്യത്തിന്റെ വത്തിക്കാൻ സ്ഥാനപതി ഇററലിയിലെ കത്തോലിക്കരാൽ അനുകരണീയമായ ഒരു പ്രശസ്തകൃത്യം ഈയിടെ നടത്തുകയുണ്ടായി. പ്രസ്തുത ഗവൎമ്മെണ്ടു വകയായി റോമായിലുള്ള കൊട്ടാരത്തിൽ ഒരു തിരുഹൃദയ പടത്തെ വളരെ ആഡംബരങ്ങളോടുകൂടി പ്രതിഷ്ഠിച്ചിരിക്കുന്നു. മേൽപറഞ്ഞ കൊട്ടാരത്തിലാണ് മേല്പറഞ്ഞ മന്ത്രിപ്രവരനും കുടുംബവും താമസിക്കുന്നതു്. കർദ്ദിനാൾ സംഘത്തിന്റെ നേതാവായ വനുത്തെല്ലി കർദ്ദിനാൽ ഇതുസംബന്ധിച്ചുള്ള കൎമ്മങ്ങൾ നടത്തുകയും ആ സന്ദൎഭത്തിൽ ക്ഷണാനുസരണം അവിടെ ചെന്നിരുന്ന ഇംഗ്ലണ്ടു മുതലായ രാജ്യപ്രതിനിധികളുടേയും, മററനേകം അൽമേനികളും വൈദികരുമായ മഹാന്മാരുടേയും സമക്ഷത്തിൽവച്ച് ചില്ലിയിലെ മന്ത്രി പ്രതിഷ്ഠാവാചകം ഉച്ചത്തിൽ ചൊല്ലുകയും ചെയ്തു. പരിശുദ്ധ പിതാവ് ആത്മൎത്ഥമായി ഇപ്രകാരമുള്ള പ്രതിഷ്ഠകളെ ആശീൎവ്വദിച്ച്, അവക്കു പാപദണ്ഡവിമോചനം കല്പിച്ചുകൊടുത്തതു ചില്ലിരാജ്യത്തിനാണെന്നുള്ളതു് ഇവിടെ സ്മരണീയമാണ്. ജനപ്രമാണികളും മാന്യന്മാരുമായ ആളുകൾ ഇങ്ങനെയുള്ള ഉത്തമദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുന്നതുകൊണ്ട് എത്ര പ്രയോജനമുണ്ടാകുമെന്നു അതിൽപിന്നെ ഇററലിയിൽ കുടുംബപ്രതിഷ്ഠയ്ക്കുണ്ടായിട്ടുള്ള പ്രചാരത്തിൽനിന്ന് നമുക്കനുമാനിക്കാം. ഈ ആഘോഷപ്രതിഷ്ഠ കഴിഞ്ഞതിൽപിന്നെ ഇററലിയിലെ കുലീന വംശജന്മാരിൽ അനേകംപേർ തങ്ങളുടെ കുടുംബങ്ങളിൽ ഈശോയുടെ തിരുഹൃദയ സ്വരൂപത്തെ ആഡംബരപൂൎവ്വം പ്രതിഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു. കേരളീയ കത്തോലിക്കരുടെ ഇടയിലും കുടുംബപ്രതിഷ്ഠ പ്രചരിക്കുന്നതിന് ഈ സംഭവം പ്രോത്സാഹജനകമായിത്തീരട്ടെ.

# മാസികാ വരിപ്പണം അടച്ചവരുടെ
## പേരുവിവരം.

---

### ഒരു ദ്രുപാവീതം.

മ. രാ. രാ. അവർകൾ.

നടേപ്പിള്ളിവക്കി ഔസേപ്പ് കോതമംഗലം, ബ. പുരയിടത്തിൽ മാണിയച്ചൻ (പൂവത്തോട്ടുപള്ളി) പി. കെ. ചാക്കൊ പുതുപ്പറമ്പുവീട്, മിസ്സസ് മേറി ക്രിസ്റ്റ്യൻ (മാമ്പള്ളി) വടക്കേമെയിക്കൽ ഔസേപ്പ വക്കി ഏ. കെ. ജോസഫ് മുട്ടത്തങ്ങാടി, താഴത്തു കരിമ്പുമാലിൽ ഇസഹാക്ക കടമാളൂർ, മാറാട്ടുകളത്തിലായ കല്ലുകളത്തിൽ വക്കി മത്തായി, ബ. കാഞ്ഞൂപ്പറമ്പിൽ പി. സി. സ്കറിയാച്ചൻ, ളശയിൽ വടക്കേവീട്ടിൽ വറുഗീസു ജോസഫ് പുളിക്കൽ ചാക്കൊ കുഞ്ഞൻ ആലപ്പുഴ, റാത്തപ്പള്ളിൽ ചാക്കൊ ഔസേപ്പ, മണികല്ലുങ്കൽ വക്കി, ഓലിയപ്പുറത്തു പൌലോസു ഔസേപ്പ (കോതമംഗലം), കുഴിമറ്റത്തിൽ തോമ്മാച്ചൻ, മാരാംകുഴിയിൽ തൊമ്മൻ തൊമ്മൻ മററക്കര, മാത്തു ജയിക്കബ് മാണിക്കത്തു വീട്, കണ്ടത്തിൽ തൊമ്മൻ ചാണ്ടപ്പിള്ള പഴയങ്ങാടി ആലപ്പുഴ, പുത്തൻവേലി പുത്തൻപുരയ്ക്കൽ തൊമ്മി വക്കി നെടുമുടി, ഏ. ജെ. ഫബിയാൻ സെൻറു മേറീസുലൈബ്രറി ചെമ്പുംനം, കെ. സി. കുഞ്ഞുവക്കി കല്ലറയ്ക്കൽ കാഞ്ഞിരപ്പള്ളി, പന്തിരുവേലിൽ പുന്നൂസു ചാക്കോ, തെക്കേപാറശ്ശേരിൽ മാത്തൻ ഔസേപ്പ വടയാർ, കെ. ജെ. ജോസഫ് കുഴിവയലിൽ വീട്ടു ആനിക്കാട്ടു കിഴക്കുംഭാഗം.

### പലവക.

കെ. കുഞ്ഞൻ കമ്പനി മാന്നാനം വ. രൂ, ബ. തെക്കുംപറമ്പിക്കുന്നേൽ തോമ്മാച്ചൻ പ്രവിത്താനം വ. രൂ, കാഞ്ഞിരക്കാട്ടു തച്ചിൽ ലോനവറിയതു വ. രൂ, തെക്കുപ്പുഴ കന്യാസ്ത്രീ മഠത്തിന്റെ ബ. ശ്രേഷ്ഠത്തിയമ്മ വ. രൂ, ആററുമാലിൽ കൊച്ചിട്ടി എടത്വാ വ. രൂ, N. M. Perira Kataboola Ceylon വ. രൂ, കരിപ്പാലായ് നടയ്ക്കൽ തൊമ്മൻ തൊമ്മൻ എറണാകുളം വ. രൂ, ബ. പഴേപറമ്പിൽ ഔസേപ്പച്ചൻ കടമാളൂർ വ. ൧ ൻ, കോയിക്കരയിൽ വക്കി ഔസേപ്പ മുട്ടത്തങ്ങാടി വ. രൂ. ചക്കാലയ്ക്കൽ ഔസേപ്പ വക്കി കുമരകം വ. രൂ. കുന്നഞ്ചേരി തോമ്മാ മനയത്തുശേരി വീട് വ. രൂ, തെക്കേപ്പറമ്പിൽ ദേവസ്യാ ഔസേപ്പ വ. രൂ, പാലത്തുങ്കൽ ഔസേപ്പ വ. രൂ, ചക്കുങ്കൽ വക്കി വക്കി വടയാർ ൧ രൂ. വ. ൫ ച. ൧ വ. കാ., പുന്നക്കാലായിൽ കുഞ്ഞൻ മത്തായി ൧ രൂ. വ. ച. ൬ കാ., കെ. പി. കൊച്ചുകുഞ്ഞു കൂപ്പമഠത്തിൽ വീട് ൧ രൂ. ൭ ച. വ. കാ., കൊല്ലപ്പള്ളിൽ വക്കി ഔസേപ്പ വ. രൂ., ചക്കാലയിൽ മത്തായി ഔസേപ്പ വ. രൂ.

(തുടരും.)

REGISTERED No. M. 365

# പഞ്ചാംഗം.

## ൧൯൧൮ ഒക്ടോബർ.

| ഇംഗ്ലീഷ് മാസം. | തീയതി. | മലയാള മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ഒക്ടോബർ. | 1 | കന്നി. | ൧൫ | ചൊ | മെ൯. റെമീജി ന. ആ. ക. പെ. | വെ. |
| | 2 | | ൧൬ | ബു | † കാവൽ മാലാഖാ. ന. ആ. ക. പെ. | വെ. |
| | 3 | | ൧൭ | വ്യാ | (✠) മിഖാ. മാലാ. പള്ളി. ന. ക. പെ. (കന്നി ൧൯) | വെ. |
| | 4 | | ൧൮ | വെ | മെ൯. പ്രാൻസി. ന. ആ. ക. പെ. | വെ. |
| ● | 5 | | ൧൯ | ശ | വേ. ഫ്ളാസിഡൊ ക്രൂ. ന. ആ. ക. പെ. | വെ. |
| | 6 | | ൨൦ | ഞാ | ✠ പന്തക്കു ൨൦ാം ന. ക. ആ. (കൊന്തമാ.) | പ. |
| | 7 | | ൨൧ | തി | മെ൯. പാ. മർക്കോസ് ന. ആ. ക. പെ. | വെ. |
| | 8 | | ൨൨ | ചൊ | † വിധ. ബ്രിജി. ന. ആ. ക. പെ. | വെ. |
| | 9 | | ൨൩ | ബു | വേ. ദിയോനാ ക്രൂ. ന. ആ. ക. പെ. | ചു. |
| | 10 | | ൨൪ | വ്യാ | † മെ൯. പ്രാൻസി. ബൊൎജി. ന. ആ. ക. പെ. | വെ. |
| | 11 | | ൨൫ | വെ | † മെ൯. ബ്റൂണോ. ന. ആ. ക. പെ. (൩൦, ൬) | വെ. |
| | 12 | | ൨൬ | ശ | വേ. നിക്കൊമേലി. ന. ആ. ക. പെ. (കന്നി ൧൫) | ചു. |
| | 13 | | ൨൭ | ഞാ | ✠ പന്തക്കാ. ൨൧ാം ന. ക. ആ. | പ. |
| | 14 | | ൨൮ | തി | പാ. വേ. കലീസ്റ്റൂ. ന. ആ. ക. പെ. | ചു. |
| | 15 | | ൨൯ | ചൊ | † ക. ത്രേസ്യാ ന. ആ. ക. പെ. | വെ. |
| | 16 | | ൩൦ | ബു | † മെ൯. എദവാ. ന. ആ. ക. പെ. (ഇ൩ ൧൪) | വെ. |
| | 17 | തുലാം. | ൧ | വ്യാ | † ക. മറി മഗ്ദരീ. ന. ആ. ക. പെ. | വെ. |
| | 18 | | ൨ | വെ | ലൂക്കാ ഏവൻ. ന. ആ. ക. പെ. | ചു. |
| | 19 | | ൩ | ശ | † മെ൯. പത്രോ. അല്കൃ. ന. ആ. ക. പെ. | വെ. |
| ◐ | 20 | | ൪ | ഞാ | ✠ പന്തക്കാ. ൨൨ാം ന. ക. ആ. | പ. |
| | 21 | | ൫ | തി | മെ൯. ഹില്ലാരി. ന. ആ. ക. പെ. | വെ. |
| | 22 | | ൬ | ചൊ | † ശാലോം മറിയം ന. ആ. ക. പെ. | വെ. |
| | 23 | | ൭ | ബു | † ദിവ്യരക്ഷകൻ ന. ആ. ക. പെ. | വെ. |
| | 24 | | ൮ | വ്യാ | † റപ്പായേൽ മാലാഖാ ന. ആ. ക. പെ. | വെ. |
| | 25 | | ൯ | വെ | വേ. ക്രിസാന്തി ന. ആ. ക. പെ. | ചു. |
| | 26 | | ൧൦ | ശ | പാ. വേ. എവാരീസ്. ന. ആ. ക. പെ. | ചു. |
| | 27 | | ൧൧ | ഞാ | ✠ പന്തക്കാ. ൨൩ാം ന. ക. ആ. | പ. |
| | 28 | | ൧൨ | തി | (✠) ശിമ. യൂദാ. ശ്ലീ. ന. ആ. ക. പെ. | ചു. |
| | 29 | | ൧൩ | ചൊ | † മെ൯. ലെയോ. കാൎത്തീസ് ന. ആ. ക. പെ. (൩൦ ൨൦) | വെ. |
| | 30 | | ൧൪ | ബു | † വി. ഹെദ്‌വിഗ. രാജ്ഞി ന. ആ. ക. പെ. (൩൦ ൨൧) | വെ. |
| | 31 | | ൧൫ | വ്യാ | സകല ശു. ത. നാ. ന. ആ. ക. ത. (ഇ. വി.) | വെ. |

✠ ഇവ അടയാളം എല്ലാവൎക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പ്രത്യേകമായി ചൊല്ലപ്പെടുന്ന തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1918.